# കൈരളി

| പുസ്തകം ൨൨. | ൧൧൨൨ തുലാം | ലക്കം ൧. |
|---|---|---|

## ഭവഭൂതി.

—പി. എസ്സ്. അനന്തനാരായണശാസ്ത്രി.

സംസ്കൃതഭാഷയിൽ കാവ്യം നിർമ്മിച്ചിട്ടുള്ള മഹാകവികളിൽ കാളിദാസർ കഴിഞ്ഞാൽ രണ്ടാമത്തെ സ്ഥാനത്തിനവകാശിയായി നില്ക്കുന്നതു ഭവഭൂതിതന്നെയാണ്. ശ്രോത്രിയന്മാരും കർമ്മനിരതന്മാരുമായിരുന്ന മഹാബ്രാഹ്മണരുടെ വംശത്തിലാണ് ഈ കവിമൌക്തികം ആവിർഭവിച്ചതു്. ദക്ഷിണാപഥത്തിലെ പത്മപുരത്തിലായിരുന്നു ഈ വംശക്കാരുടെ നിവാസസ്ഥാനം. ഇദ്ദേഹത്തിൻെറ പിതാവു നീലകണ്ഠനും മാതാവു ജതുകർണ്ണിയുമായിരുന്നു. കവിയുടെ യഥാർത്ഥനാമം ശ്രീകണ്ഠനെന്നായിരുന്നുവെങ്കിലും കാവ്യകൌശലംകൊണ്ടു സിദ്ധിച്ച 'ഭവഭൂതി' എന്ന നാമധേയത്താലാണ് അദ്ദേഹം പ്രസിദ്ധനായിത്തീർന്നതു്.

ഗിരിജായാഃ സ്തനൌ വന്ദേ
ഭവഭൂതി സിതാനനൌ
തപസ്വീ കാം ഗതോഽവസ്ഥാ-
മിതി സ്മേരാനനാവിവ

എന്ന ശ്ലോകത്തിൻെറ സാരസ്യംകൊണ്ടു ഹൃതചിത്തരായ സഹൃദയരിൽനിന്നു സിദ്ധിച്ചതാണ് ഈ നാമധേയം എന്നൊരൈതിഹ്യമുണ്ടു്.

ഭവഭൂതിത്രയം എന്നു വിഖ്യാതമായ മഹാവീരചരിതം, മാലതീമാധവം, ഉത്തരരാമചരിതം എന്നീ മൂന്നു ദൃശ്യകാവ്യങ്ങളാണു നമു

ക്കറിവുള്ള ഇദ്ദേഹത്തിന്റെ കൃതികൾ. ഇവയിൽ കാവ്യഗുണം കൊണ്ടു മികച്ചുനില്ക്കുന്ന ഉത്തരരാമചരിതമാണു് ഈ മഹാകവിയുടെ മഹിമയെ അസാധാരണമായി പ്രകാശിപ്പിക്കുന്നതു്. കവികളുടെ ജീവിതകാലത്തെപ്പററി സനിഷ്കൃഷ്മായ ഗവേഷണവും അവരുടെ വിശ്വാസാർഹമായ ജീവചരിത്രവും ഉണ്ടായിട്ടില്ലാത്ത കാലത്തെയായിരിക്കാവുന്ന ഒരു പ്രവാദം,

"അഹം വാ ഭവഭൂതിർവ്വാ
നാടകേഷ്വഹമേവ വാ
ഉത്തരേ രാമചരിതേ
ഭവഭൂതിർവ്വിശിഷ്യതേ"

എന്നിങ്ങനെ കാളിദാസർതന്നെ ഭവഭൂതിയെ പ്രശംസിച്ചിട്ടുള്ളതായി ഉൽഘോഷിക്കുന്നു. ചരിത്രദൃഷ്ട്യാ ഇതിന്റെ യാഥാർത്ഥ്യം ആക്ഷേപാർഹമാണെങ്കിലും കാളിദാസർകൂടി ഭവഭൂതിയുടെ ഉത്തരരാമചരിതത്തെ ഇങ്ങനെ പ്രശംസിക്കുമായിരുന്നു എന്ന അർത്ഥത്തിലാണു് അതിനെ വിമർശകന്മാർ കൈക്കൊള്ളേണ്ടതു്.

ഭവഭൂതി ഒരു മഹാകവി മാത്രമല്ല, ഒരു മഹാപണ്ഡിതനും ആയിരുന്നു. മാലതീമാധവത്തിന്റെ പ്രസ്താവനയിൽ,

യദ്വേദാദ്ധ്യയനം തഥോപനിഷദാം
സാംഖ്യസ്യ യോഗസ്യ ച
ജ്ഞാനം തൽകഥനേന കിം നഹി തതഃ
കശ്ചിൽ ഗുണോ നാടകേ,

എന്നു പറഞ്ഞിട്ടുള്ളതു പ്രത്യക്ഷരം പരമാർത്ഥമായിട്ടുള്ള ഒരു വാസ്തവകഥനംതന്നെയാണെന്നു് അദ്ദേഹത്തിന്റെ കൃതികളോരോന്നും തെളിയിക്കുന്നുണ്ടു്. ഔപനിഷദങ്ങളായ ആശയങ്ങളേയും തത്വങ്ങളേയും മാത്രമല്ല, പദസഞ്ചയങ്ങളെപ്പോലും പല പ്രകരണങ്ങളിലും അദ്ദേഹം ഭംഗിയോടെ നിബന്ധിച്ചിരിക്കുന്നു. ബ്രഹ്മമെന്നു പറയപ്പെടുന്ന ഏകതത്വംപോലെ ശബ്ദതത്വവും അനാദിയും സർവ്വവ്യാപകവുമായതുകൊണ്ടു് അവ രണ്ടും അഭിന്നമാണെന്നുള്ള പരമസിദ്ധാന്തത്തെ കാവ്യത്തിൽ ഒന്നാമതായി നിബന്ധിച്ചതു 'ശബ്ദബ്രഹ്മവിദഃ കവേഃ' എന്നു പാടുന്ന ഈ കവികോകിലംതന്നെയാണു്. ജ്ഞാനത്തിന്റെ ആവിർഭാവത്തിൽ അജ്ഞാനകാര്യങ്ങൾ ആകമാനം അന്തർദ്ധാനം ചെയ്തുപോകുമെന്നുള്ള വേദസിദ്ധാന്തത്തെ,

പെരുകിയ വായുവിനാൽ ചെ-
ന്നൊരു ദിക്കിലുടൻ ലയിച്ച മേഘനിര
പരതത്വജ്ഞാനത്താൽ
പരമാത്മാവിൽ പ്രപഞ്ചമതുപോലെ,

എന്നു വായവ്യാസ്ത്രംകൊണ്ടുണ്ടായ മേഘതിരോധാനത്തിനുപമാന മാക്കി വൎണ്ണിച്ചിട്ടുള്ള കവിയുടെ ശാസ്ത്രവാസനയ്ക്കു വേറെ ഉദാഹ രണം വേണ്ടതുണ്ടോ? വൈദുഷ്യമെന്ന അംശത്തിൽ ഭവഭൂതി കാളി ദാസരെ കൂടി അതിശയിച്ചാണു നില്ക്കുന്നതു്.

ഉത്തിഷ്ഠമാനന്മാരായ നവകവികൾക്കുണ്ടാവാറുള്ള ബുദ്ധി ക്ഷയവും നൈരാശ്യവും ഒരുകാലത്തു് ഇദ്ദേഹത്തേയും ബാധിച്ചിട്ടുള്ള തായി കാണുന്നു.

"യേ നാമ കേചിദിഹ നഃ പ്രഥയന്ത്യവജ്ഞാം
ജാനന്തി തേ കിമപിതാൻ പ്രതിനൈഷയത്നഃ
ഉൽപത്സ്യതേസ്തി മമ കോപി സമാനധൎമ്മാ
കാലോഹ്യയം നിരവധിൎവ്വിപുലാ ച പൃഥ്വീ,

എന്നിങ്ങനെ തന്റെ കാവ്യങ്ങൾ അൎഹിക്കുന്ന അനുമോദനം ലഭി ക്കാതെ അദ്ദേഹം നിരാശപ്പെടുന്നു. മാലതീമാധവത്തിൽ മാത്രം നിബ ന്ധിച്ചിട്ടുള്ള ഈ പദ്യം കാവ്യഗുണത്തെസ്സംബന്ധിച്ചുള്ള പ്രസ്താവമ ല്ലെന്നും അതിലെ പ്രതിപാദ്യവസ്തുവും ബ്രാഹ്മണരുടെ ഇടയിൽ അന്നു നടപ്പില്ലാതിരുന്നതുമായ പ്രൌഢാവിവാഹത്തെസ്സംബന്ധിക്കുന്നതാ ണെന്നും അഭിപ്രായപ്പെടുന്നവരുമുണ്ടു്. എന്നാൽ,

എന്തെന്നാലും മനമതിലുദിക്കുന്ന പോലെക്കഥിക്കാ-
മെന്തായാലും ജനമതിനുരയ്ക്കാതിരിക്കില്ല ദോഷം,
പൂന്തേൻവാണി, കവിത ഇതുകൾക്കുള്ള സാധുത്വമുള്ളിൽ
ചിന്തിപ്പാനായ്തുനിയുമളവെല്ലാവരും ദുൎജ്ജനങ്ങൾ,

എന്നു് ഉത്തരരാമചരിതത്തിൽ ഉപന്യസിച്ചിട്ടുള്ളതു് കവിതയെസ്സം ബന്ധിച്ചതന്നെയാണെന്നുള്ളതു നിൎവ്വിവാദംതന്നെ. ഉത്തരരാമചരിത മാണു കവിയുടെ ഒടുവിലത്തെ കൃതിയെന്നുവേണം ഉൽകൃഷ്ടകലാകൗ ശലത്തിൽനിന്നുമനുമാനിപ്പാൻ. അതെഴുതുന്ന കാലത്തു കവി നൈരാശ്യം കടന്നു സ്ഥൈൎയ്യത്തിലെത്തിയതായി വിചാരിക്കാം.

മഹാവീരചരിതം രാമായണകഥയെ വീരരസം പ്രകാശിപ്പി ക്കാവുന്ന പ്രകരണങ്ങൾക്കു പ്രാധാന്യം കല്പിച്ചു സംഗ്രഹിച്ചുണ്ടാ

ക്കിയ സപ്താങ്കമായ നാടകമാണു്. മാലതീമാധവം കവികല്പിതമായ കഥാവസ്തുവോടുകൂടിയതും ശൃംഗാരപ്രധാനവുമായ പത്തങ്കങ്ങളോടുകൂടിയ പ്രകരണമാകുന്നു. ഉത്തരരാമചരിതം ഉത്തരരാമായണത്തിലെ സീതാപരിത്യാഗം, അശ്വമേധാഹരണം എന്നീ കഥാംശങ്ങളെ അവലംബിച്ചു നാടകോചിതങ്ങളായ നവീകരണങ്ങളോടുകൂടി നിൎമ്മിച്ചിട്ടുള്ളതും കരുണരസപ്രധാനവുമായ ഏഴങ്കമുള്ള നാടകമാണു്. നാടകങ്ങളിൽ വീരരസത്തിനും ശൃംഗാരത്തിനും മാത്രമേ പ്രാധാന്യം കല്പിച്ചുകൂടുവെന്നുള്ള മാമൂലിനെ ഉല്ലംഘനം ചെയ്തുകൊണ്ടാണു ഭവഭൂതി ഉത്തരരാമചരിതം എഴുതീട്ടുള്ളതു്. വീരം, ശൃംഗാരം, കരുണം ഇവ മൂന്നും തുല്യമായ ചമൽകാരത്തോടെ നിബന്ധിച്ചിട്ടുള്ള മഹാകവി, മിക്കതും ശൃംഗാരൈകപ്രധാനങ്ങളായ കാവ്യങ്ങളിൽ പ്രാഗല്ഭ്യം പ്രകടിപ്പിച്ചിട്ടുള്ള കാളിദാസരേക്കാൾ ഉത്കൎഷമൎഹിക്കുന്നില്ലേ എന്നുകൂടി ആലോചിക്കേണ്ടതുണ്ടു്.

രസനിബന്ധനത്തെസ്സംബന്ധിച്ചു് ഉത്കൎഷത്തിനവകാശം വിവാദഗ്രസ്തമായേക്കാമെങ്കിലും രസോചിതമായ ശബ്ദഗുംഭനം എന്ന കാൎയ്യത്തിൽ ഭവഭൂതി കാളിദാസരെ കവിഞ്ഞുനില്ക്കുന്നുവെന്നുള്ളതു നിൎവ്വിവാദമാണു്. വൈദൎഭീരീതിയുടെ മാതൃകയായി ഗണിക്കപ്പെട്ടിട്ടുള്ള കാളിദാസസൂക്തി വീരരൌദ്രാദി രസങ്ങളെ വ്യഞ്ജിപ്പിക്കേണ്ട ഘട്ടങ്ങളിലും അത്യന്തകോമളവും തന്നിമിത്തം രസാനനുഗുണവുമായി ചമഞ്ഞിട്ടുണ്ടു്. എന്നാൽ ശൃംഗാരം, കരുണം ഇവയെ നിബന്ധിക്കുന്ന സന്ദൎഭങ്ങളിൽ സരസസുകുമാരമായി വൈദൎഭിയിൽ ശോഭിക്കുന്ന ഭവഭൂതിഭാരതി വീരാത്ഭുതാദിദ്യോതനത്തിൽ മറ്റൊരാളുടേതാണെന്നുകൂടി തോന്നത്തക്കവണ്ണം ഊൎജ്ജസ്വലവും ഗംഭീരവുമായ ഗൌഢിയായും മാറുന്നു.

സമയഃ സ വൎത്തത ഇവൈഷ യത്ര മാം
സമനന്ദയത് സുമുഖി ഗൌതമാൎപ്പിതഃ
അയമാഗൃഹീതകമനീയകങ്കണഃ
തവ മൂൎത്തിമാനിവ മഹോത്സവഃ കരഃ

എന്നിങ്ങനെ ശൃംഗാരമധുരമായ സ്മരണത്തെ ചിത്രീകരിച്ചിട്ടുള്ള തൂലികതന്നെയാണു്, മറ്റൊരേടത്തു്,

ജ്യാജിഹ്വയാ വലയിതോൽകടകോടിദംഷ്ട്ര-
മുദ്ഗാരിഘോരഘനഘൎഘരഘോഷമേതൽ

ഗ്രാസപ്രസക്തമഹാസദന്തക വക്ത്രയന്ത്ര-
ജൃംഭാവിഡംബി വികടോദരമസ്തു ചാപം

എന്നിങ്ങനെ ലവന്റെ പ്രതാപോജ്ജ്വലമായ പോരിനു വിളിയും പ്രകാശിപ്പിക്കുന്നതു്.

ഭവഭൂതിക്കു കാളിദാസരുടെ നേരെ വലുതായ ബഹുമാനമുണ്ടായിരുന്നതായി ഊഹിപ്പാനുള്ള പല ലക്ഷ്യങ്ങളുമുണ്ടു്. അനേകം സന്ദർഭങ്ങളിൽ അദ്ദേഹം കാളിദാസരുടെ ആശയങ്ങളേയും രീതികളേയും ആശ്രയിച്ചും അനുകരിച്ചും കാണുന്നു. വിനഷ്ടയായ മാലതിയെ അന്വേഷിച്ചു നടക്കുന്ന മാധവന്റെ വാക്കുകളിൽ മേഘസന്ദേശത്തിലെ വിരഹാർത്തനായ യക്ഷന്റെ വാക്കുകളുടെ രീതി പ്രതിബിംബിച്ചിരിക്കുന്നു. ശാകുന്തളം നാലാമങ്കത്തിലെ ആശ്രമപരിതഃസ്ഥിതികൾ കരുണത്തെ ഉദ്ദീപിക്കുന്ന സരണിയെ ആശ്രയിച്ചുകൊണ്ടാണു ഭവഭൂതി ഉത്തരരാമചരിതം മൂന്നാമങ്കത്തിലും സീതയുടെ സ്നേഹപാത്രങ്ങളായ ജീവജാതങ്ങൾവഴിക്കു് കരുണത്തെ ക്രമത്തിൽ വളത്തിട്ടുള്ളതു്. സീത കൈത്തളിരുകളാൽ താളം പിടിച്ചുകൊണ്ടു് ആട്ടം പഠിപ്പിച്ചിട്ടുള്ളതായി വർണ്ണിക്കപ്പെടുന്ന മയൂരം മേഘസന്ദേശത്തിൽ യക്ഷഗൃഹത്തിലെ സുവർണ്ണസ്തംഭോപരിഫലകത്തിന്മേൽ വൈകുന്നേരം വിശ്രമിക്കുന്ന മയൂരത്തിന്റെ പ്രതിച്ഛായയാണു്. എന്തിനേറെപ്പറയുന്നു? ഉത്തരരാമചരിതത്തിന്റെ മെച്ചങ്ങളിൽ മുന്തിനില്ക്കുന്ന ചിത്രദശനരംഗംതന്നെ,

കരുതുംപടി കേളിയാടിയങ്ങു-
ള്ളൊരു ചിത്രാഞ്ചിതമാടമേലെഴുമ്പോൾ,
ഇരുപേക്കുമഹോ സുഖങ്ങളായി
പെരുതാം ദണ്ഡകതന്നിലാന്ന മാല്യം,

[രഘുവംശം, XIV, 25.]

എന്ന കാളിദാസീയാശയത്തെ വിപുലമാക്കി രചിച്ചതാണു്. എങ്കിലും കരുണരസാനുഗുണവും സ്വഭാവപ്രതിബിംബനാനുകൂലവുമായ അതിന്റെ പ്രത്യേകസരണിയുടെ സ്വീകാരത്തിലാണു കവിയുടെ കല്പനാശക്തി പ്രതിഷ്ഠിതമായിത്തീന്നതു്. ചിത്രദശനത്തിലെ ഓരോ സന്ദർഭവും രാമന്റെ ഗുണഗണങ്ങളെ പ്രകാശിപ്പിക്കുന്നതും സൂക്ഷ്മമാണമായ വിരഹദുഃഖത്തിന്റെ തന്മയത്വംകൊണ്ടു താൽകാലികത്വം തോന്നിക്കുന്നതുമാണു്. അതിന്റെ ഉൽകടാവസ്ഥയിൽ രാമൻ 'പ്രത്യാവൃത്തഃ സ

പുനരിവ മേ ജാനകീവിപ്രയോഗഃ' എന്നു താനറിയാതെ പറഞ്ഞു പോകുന്നു. ഇതാണു തന്മയത്വാധാനത്തിന്റെ പാരമ്യം.

കാളിദാസരും ഭവഭൂതിയും ഒരുപോലെ പ്രകൃതിപ്രേമമുള്ളവരാണ്. പക്ഷെ അവർ തമ്മിൽ ഒരന്തരമുള്ളതായി കാണാം. കാളിദാസർ സമങ്ങളും സുന്ദരങ്ങളും, ആകർഷകങ്ങളും അഭിഗമ്യങ്ങളുമായ പ്രകൃതിഭാഗങ്ങളുടെ രമണീയതയെയാണ് അധികം ഇഷ്ടപ്പെടുന്നത്. ഭവഭൂതിയാകട്ടെ, പക്ഷപാതമെന്നിയെ സമങ്ങളും വിഷമങ്ങളും, സുന്ദരങ്ങളും ബീഭത്സങ്ങളും, ആകർഷകങ്ങളും ഉദ്വേജകങ്ങളും, അഭിഗമ്യങ്ങളും ഭയാനകങ്ങളുമായ പ്രകൃതിഭാഗങ്ങളെ യഥാത്രൂപമായി പ്രകാശിപ്പിക്കുന്നു. ഉത്തരരാമചരിതത്തിലെ ദണ്ഡകാരണ്യവർണ്ണനയും മാലതീമാധവത്തിലെ ശ്മശാനവർണ്ണനയും ഇതിനു ദൃഷ്ടാന്തമാണ്.

കാളിദാസർ ഭൗതികസൗന്ദര്യത്തെ വർണ്ണിക്കുന്നതിൽ ആസക്തനായിട്ടാണു പലേടത്തും പ്രത്യക്ഷപ്പെടുന്നത്. ശകുന്തളാത്യാഗത്തിനു ശേഷം പശ്ചാത്താപാഗ്നിയിൽ ശുദ്ധിചെയ്യിട്ടുള്ള സാത്വികപ്രേമം നിറഞ്ഞ ദുഷ്യന്തന്റെ പുനഃസമാഗമത്തിൽകൂടി,

"താംബൂലരാഗം കലരാതെ നിന്റെ
ബിംബാധരം സുന്ദരി കാണ്കയാലെ"

എന്നു പറയിക്കുന്ന കവിയുടെ മനസ്സു ബാഹ്യസൗന്ദര്യത്തെ വിട്ടുപിരിയാതെ പിൻതുടരുന്നു. എന്നാൽ ഭവഭൂതിയുടെ പ്രേമവർണ്ണനം ഭാവാനുബന്ധം നിറഞ്ഞതും പ്രേമപാത്രങ്ങളുടെ അംഗപ്രത്യംഗങ്ങളെ വിസ്മരിപ്പിക്കുന്നതുമാകുന്നു. ഗൃഹസ്ഥജീവിതത്തിന്റേയും ദാമ്പത്യസുഖത്തിന്റേയും പരിശുദ്ധവും, നിർവൃതിഹേതുവുമായ പാരമ്യം അദ്ദേഹം ആസ്വദിച്ചിട്ടുള്ളതുപോലെ മറെറാരു കവിയും ആസ്വദിച്ചിട്ടുള്ളതായി തോന്നുന്നില്ല. ആദർശഭൂതമായ ദാമ്പത്യസുഖം ബ്രഹ്മാനന്ദത്തിൽനിന്ന് അന്യൂനമാണെന്നുള്ള സ്വാഭിപ്രായത്തെ പ്രകാശിപ്പിക്കുവാനായി അദ്ദേഹം അതിനെ ബ്രഹ്മസാക്ഷാൽക്കാരത്തോടു തുല്യമായിവർണ്ണിക്കുന്നു:—

അദ്വൈതം സുഖദുഃഖയോരനുഗതം
സർവ്വാസ്വവസ്ഥാസുയ-
ദ്വിശ്രാമോ ഹൃദയസ്യ യത്ര ജരസാ
യസ്മിന്നഹാര്യോ രസഃ

കാലേനാവരണാത്യയാത് പരിണതേ
യത് സ്നേഹസാരേ സ്ഥിതം
ഭദ്രം തസ്യ സുമാനുഷസ്യ കഥമ-
പ്യേകം ഹി തത് പ്രാർത്ഥ്യതേ.

ഇതിൽ ഓരോ അംശവും ദാമ്പത്യസുഖത്തെ ബ്രഹ്മാനന്ദത്തോടുപമിപ്പാനുതകുന്നതായിട്ടാണു കവി നിബന്ധിച്ചിരിക്കുന്നതു്. ദാമ്പത്യസുഖത്തിന്റെ പരമകാഷ്ഠ അപത്യലാഭമാണെന്നും അദ്ദേഹം വിസ്പഷ്ടമായി പ്രതിപാദിക്കുന്നു. സ്നേഹത്തെപ്പറ്റി ഭവഭൂതി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായവും ആദർശയോഗ്യമായി ആദരിക്കപ്പെടേണ്ടതാണു്. സ്നേഹത്തിനു് ഒരു നിമിത്തമുണ്ടാകയെന്നതുതന്നെ സ്വഭാവവിരുദ്ധമാണെന്നു് അദ്ദേഹം പറയുന്നു. ഫലോദ്ദേശത്തോടുകൂടിയുള്ള സ്നേഹമെല്ലാം കൃത്രിമവും ആ നാമത്തിനു് അർഹതയില്ലാത്തതുമാണു്. ഇരുമ്പിനും കാന്തത്തിനും തമ്മിലെന്നപോലെ നിസർഗ്ഗസിദ്ധവും അഭേദ്യവുമായ പരസ്പരബന്ധത്തെയാണു് അദ്ദേഹം സ്നേഹമായി ഗണിക്കുന്നതു്. ദർശനമാത്രത്തിൽ അനൈമിത്തികമായി അങ്കുരിക്കുന്ന സ്നേഹത്തെ ചക്ഷൂരാഗം, താരാമൈത്രി, എന്നഭിധാനങ്ങളാൽ അഭിഹിതമാക്കുകയും ചെയ്തിരിക്കുന്നു.

എന്നാൽ ശാസ്ത്രാഭ്യാസത്തിന്റെ കർക്കശതകൊണ്ടു കലാസൗന്ദര്യബോധത്തിന്റെ ചില അംശങ്ങൾ ഭവഭൂതിക്കു നഷ്ടമായിപ്പോയിട്ടുണ്ടോ എന്നു സംശയിക്കേണ്ടതായും ഇരിക്കുന്നു. സാഹിത്യം, നാട്യം, ഗീതം ഇവയുടെ സമ്മേളനഭൂമിയായ നാടകത്തിൽ ഗീതത്തിനും ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണുള്ളതു്. ചില വൃത്തങ്ങൾക്കു്, പ്രത്യേകിച്ചും ആര്യാവൃത്തത്തിനു്, ഉള്ള ഗാനാനുഗുണത സർവ്വാനുഭവസിദ്ധമാണു്. ഭവഭൂതിയുടെ മൂന്നു നാടകങ്ങളിലും കൂടി ആര്യാവൃത്തത്തിൽ പത്തു ശ്ലോകം തികഞ്ഞിട്ടില്ല. കാളിദാസരുടെ നാടകങ്ങളിലാണെങ്കിൽ ഓരോന്നിലും ആകെയുള്ള ശ്ലോകങ്ങളിൽ പകുതിയോളം ആര്യാവൃത്തത്തിലാണു നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ഇതിനുംപുറമെ കാളിദാസരുടെ ദൃശ്യകാവ്യങ്ങളിൽ പാട്ടായിത്തന്നെ പാടേണ്ട പദ്യങ്ങളുമുണ്ടു്. ഇതിൽനിന്നും ഭവഭൂതിയുടെ സംഗീതവൈമുഖ്യമാണു പ്രത്യക്ഷപ്പെടുന്നതു്. അതു നാടകത്തിനൊരു വലിയ ന്യൂനതയുമാണു്. ഇങ്ങനെതന്നെ ചിത്രനിർമ്മാണകലയിലും അദ്ദേഹത്തിനു പ്രാവീണ്യമുള്ളതായി തെളിയിക്കുന്ന ലക്ഷ്യങ്ങൾ കുറവാണു്. ചുരുക്കിപ്പറയുമ്പോൾ ശാസ്ത്രഭാഗത്തി

ലുള്ള മെച്ചത്തിനെതിരായി സുകുമാരകലകളിൽ കുറവും കാണുമെന്നാണ് ഊഹിക്കേണ്ടിയിരിക്കുന്നതു്. കാളിദാസർ മന്ദാക്രാന്തയിലെന്നപോലെ ഭവഭൂതി ശിഖരിണിയിലും പ്രത്യേക ഖ്യാതി നേടിയിരിക്കുന്നു. ശിഖരിണി കരുണത്തിനു വളരെ യോജിക്കുന്ന വൃത്തവുമാണ്.

സംഭാഷണരൂപമായ വാക്യങ്ങളിൽ ദീർഘങ്ങളായ സമാസങ്ങളെ ഉപയോഗിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ മേന്മയ്ക്കു ഹാനി വരുത്തുന്ന മറ്റൊരംശമാണ്. ഗദ്യത്തിൽ കേളികേട്ട ഭട്ടബാണനെ അനുകരിപ്പാനുള്ള ഭ്രമം കൊണ്ടായിരിക്കാം അദ്ദേഹത്തിനു് ഈ അബദ്ധം പിണഞ്ഞിട്ടുള്ളതു്. എന്നാൽ സ്വഭാവത്തിനു യോജിക്കാത്ത വിധത്തിൽ, സ്ത്രീപാത്രങ്ങളുടെയും മററും സംഭാഷണങ്ങളിലും, നരിയെക്കണ്ടു പേടിച്ചോടുന്നവരുടെ വാക്കിലും മററും ദീർഘങ്ങളായ സമാസങ്ങളെ പ്രയോഗിച്ചിട്ടുള്ളതു് അക്ഷന്തവ്യമായ അവിവേകമായി പരിണമിച്ചിട്ടുണ്ട്.

സാഹിത്യത്തിന്റെ പരമപ്രയോജനമായ ആദ്ധ്യാത്മികതത്വോപദേശത്തിൽ ഭവഭൂതിക്കു് അവധാനക്കുറവു വന്നിട്ടില്ല. രാമായണത്തെ അനുകരിച്ചുതന്നെ കരുണപ്രധാനമായി നിർമ്മിക്കപ്പെട്ട ഉത്തരരാമചരിതവും സംസാരത്തിന്റെ ക്ഷണികതയേയും ദുഃഖഭൂയിഷ്ഠതയേയും വിവരിച്ചു വിരക്തിയെ വാഴ്ത്തുകയാണു ചെയ്യുന്നതു്. ദിവ്യാംശഭാക്കുകളായ രാമസീതാദികൾക്കുകൂടി ഈ ലോകം എത്ര ക്ലേശാവഹമായിരുന്നുവെന്നും, തത്വജ്ഞാനിയായ ജനകൻപോലും അപത്യദുഃഖത്താൽ എത്രമാത്രം അനുതപിക്കേണ്ടിവന്നുവെന്നും കവി നമുക്കു കാണിച്ചുതരുന്നു. ഈ ലോകത്തിലെ ബന്ധം വെടിഞ്ഞു് അരണ്യത്തിൽ കുടികൊള്ളുന്നവർ മാത്രമാണു ഭാഗ്യവാന്മാരെന്നു് ഉപക്രമത്തിൽ ദേവിയെ ആശ്വസിപ്പിക്കുന്ന രാമൻ അന്തർനാടകത്തിലെ സമാഗമസമയത്തു് 'ഇതെല്ലാം ഞാൻ പ്രത്യക്ഷമായി അനുഭവിക്കുന്നുണ്ടെങ്കിലും എനിക്കു വിശ്വാസം ജനിക്കുന്നില്ലെ'ന്നുള്ള വചനംകൊണ്ടു സംസാരചക്രത്തിന്റെ മിഥ്യാത്വവും, സമാഗമങ്ങളുടെ നാടകപ്രായതയുമാണു മുഖ്യമായി പ്രതിപാദിക്കുന്നതു്. സാഹിത്യത്തിന്റെ പരമോദ്ദേശമായി കരുതേണ്ടതായ ആദ്ധ്യാത്മികോദ്ബോധനം ഭവഭൂതിയുടെ കാലംവരെ വിസ്മരിക്കാതെതന്നെ കഴിഞ്ഞു; എന്നല്ല അതിനു് അദ്ദേഹം വേണ്ടിടത്തോളം പ്രാമാണ്യം കല്പിച്ചു കൃതാർത്ഥനായി എന്നുതന്നെ പറയാം.

# * എപ്പോൾ, എന്തിന്?

—വിദ്വാൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

(വഞ്ചിപ്പാട്ട്)

I.

അറിയുന്നു പൈതലേ, ഞാൻ നിനക്കു നല്കുവാൻ നാനാ-
നിറമെഴും കളിക്കോപ്പു കൊണ്ടുവരുമ്പോൾ:
എന്തിന്നീശനംബരത്തിൽ ചന്തമേറും പല ചായ-
മന്തിമുകിൽനിരകൾക്കു ചേർക്കുന്നിതെന്നും;
മലരിനങ്ങളിൽ, നാനാ ജലാശയങ്ങളിൽ, കലർന്ന,
പല പല നിറം കാണ്മതെന്തുകൊണ്ടെന്നും!

II

നന്നായെനിക്കറിയുവാൻ കഴിയുന്നിതോമനേ, ഞാൻ
നിന്നെച്ചാടിത്തുള്ളിക്കുവാൻ പാട്ടുപാടുമ്പോൾ:
ചെമ്മേ മരുദാഗമത്തിൽത്തരുപത്രങ്ങളെന്തിനു
മർമ്മരഗാനാലാപങ്ങൾ പൊഴിപ്പുതെന്നും;
വിഷ്പ്ടക്കിന്നു ചെവി നല്കുമൂഴിക്കായി നദീ-
വീചികളെന്തിനു വീണ വായിപ്പതെന്നും!

III

ഇതറിവൂ, കൊതിയെഴും നിൻകൈകളിൽത്തരുവാൻ ഞാൻ
മധുരപലഹാരങ്ങൾ കൊണ്ടുപോരുമ്പോൾ:
ചന്തമേറും പൂവുകൾതൻ പൊൻതളികയോരോന്നിലു-
മെന്തുമൂലം മധുവൂറിക്കാണുന്നതെന്നും;
പാദപഫലങ്ങൾതോറുമെത്രയോ നിഗൂഢമായി
സ്വാദുരസമെന്തിന്നീശൻ നിറച്ചീതെന്നും!

---

* ടാഗോർ.

## IV

പിഞ്ചുകുഞ്ഞേ, ഞാനറിവൂ നിൻതൂമുഖമൊരു ചെറു
പുഞ്ചിരി തൂകുവാൻ ഞാനൊന്നുമ്മ വെയ്ക്കുമ്പോൾ:
എന്തു പരാനന്ദമാണാപ്പുലരൊളി പരക്കുകിൽ
ഹന്ത, വാനിൽ നിന്നൊഴുകി വരുന്നതെന്നും;
എന്തു, വാത്സല്യമസുലഭ സുഖമാണാ മധുമാസ-
പ്പൂന്തെന്നലെന്നുടലിനു തരുന്നതെന്നും!

# കൌടില്യന്റെ സാമ്പത്തിക പദ്ധതി.

## അർത്ഥശാസ്ത്രത്തിലൂടെ ഒരു സ്ഥൂലവീക്ഷണം.

—കെ. വി. എം.

ഭാരതവർഷത്തിൽ സാമ്പത്തികാധഃപതനം പരമകാഷ്ഠയിലെത്തീട്ടുള്ള ഒരു കാലമാണല്ലോ ഇതു്. സമ്പത്തിന്റെ ഈ അധഃപതനത്തിനു പലരും പല കാരണങ്ങൾ പറയുന്നുണ്ടു്. ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനയ്ക്കനുസരിച്ചു ജീവിതനിർവ്വഹണത്തിനു വേണ്ട പദാർത്ഥങ്ങൾ വർദ്ധിക്കായ്കയാണു കാരണമെന്നു ചിലർ. വിദേശീയവാണിജ്യത്തിന്റെ വിശൃംഖലമായ വ്യാപ്തിയാണു കാരണമെന്നു മററു ചിലർ. സ്വദേശത്തുണ്ടാകുന്ന വസ്തുക്കൾക്കു വിലയില്ലായ്കയാണു കാരണമെന്നു വേറെ ചിലർ. ജനങ്ങൾക്കു തൊഴിലില്ലായ്കയാണു കാരണമെന്നു് ഇനിച്ചിലർ. ഇവയെല്ലാം സാമ്പത്തികാധഃപതനത്തിനുള്ള കാരണങ്ങളാണെന്നതിൽ തർക്കമില്ല. പക്ഷെ, ഇവയ്ക്കും കാരണമായി സർവ്വപ്രധാനമായിട്ടുള്ള എന്തോ ഒന്നു് ഉണ്ടായിരിക്കും. ആ മൂലകാരണം ഇന്നതാണെന്നു സർവ്വസമ്മതമാകത്തക്കവിധം ആരും സമർത്ഥിക്കുന്നില്ല. ഇങ്ങനെയുള്ള ഒരു വിഷമഘട്ടത്തിൽ, സുപ്രസിദ്ധനീതിജ്ഞനായിരുന്ന കൌടില്യൻ നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തികപദ്ധതിയുടെ ഒരു സ്വരൂപജ്ഞാനമുണ്ടാകുന്നതു വായനക്കാർക്കു കൌതുകാവഹമായിരിക്കും.

### ദ്വൈരാജ്യവും വൈരാജ്യവും.

'കൌടില്യന്റെ അർത്ഥശാസ്ത്രം' എന്ന മഹാഗ്രന്ഥത്തിൽ ആകപ്പാടെ ഒരു സ്ഥൂലവീക്ഷണം ചെയ്യുമ്പോൾ ഒരു രാജ്യത്തു പരക്കെയുള്ള സാമ്പത്തികാധഃപതനത്തിനു പ്രധാനകാരണം രാജ്യവ്യസനം (Distress of the kingdom) ആണെന്നു കാണാം. ദ്വൈരാജ്യം (Dyarchy), വൈരാജ്യം (Foreign rule) എന്നിങ്ങനെ രണ്ടു വിധം വ്യസനങ്ങൾ ഒരു രാജ്യത്തിന്നുണ്ടാകാവുന്നതാണു്. ഇവയെക്കുറിച്ചു കൌടില്യൻ ഇങ്ങനെ പറയുന്നു:— "അച്ഛനും മകനുമാ

ജ്യേഷ്ഠനും അനുജനുമോ തമ്മിൽ തക്കിക്കുന്നതിനാലാണല്ലോ ദ്വൈരാജ്യം ഉണ്ടാകുന്നതു്. അതു് ഏകയോഗക്ഷേമമാകയാൽ അമാത്യന്മാർ വിചാരിച്ചാൽ ഒതുക്കിക്കൊണ്ടുപോകുവാൻ സാധിക്കും. വൈരാജ്യത്തിങ്കലാകട്ടേ രാജാവു് പരൻ ജീവിച്ചിരിക്കെ അവൻെറ രാജ്യം ബലാൽക്കാരേണ പിടിച്ചടക്കിയിട്ടു പിന്നെ 'ഇതെൻെറയല്ല' എന്ന വിചാരത്തോടുകൂടി രാജ്യത്തെ കശ്പ്പിക്കുകയോ ഐശ്വര്യത്തെ അപവാഹനം ചെയ്കയോ രാജ്യത്തെ ഒരു പണ്യവസ്തുവാക്കിത്തീക്കുകയോ വിരക്തമായിച്ചമഞ്ഞാൽ ഉപേക്ഷിച്ചു പോകയോ ചെയ്യും" (അധികരണം 8. അധ്യായം 2.) ആകയാൽ രാജ്യകശ്നം, ഐശ്വര്യാപവാഹനം മുതലായ ത്രപഞ്ചങ്ങളോടുകൂടിയ വൈരാജ്യമാണു് സാമ്പത്തികാധഃപതനത്തിന്നു മൂലകാരണമെന്നു സിദ്ധിക്കുന്നു. രാജ്യഭരണത്തിൽ പ്രജകളുടെ പലവിധത്തിലുള്ള സഹകരണങ്ങളെ കൌടില്യൻ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഏകൈശ്വര്യം (Absolute monarchy) ആണു് അദ്ദേഹം പരമമായ ഭരണമാതൃകയായി പറയുന്നതു്. ഒരു ശരിയായ ഏകൈശ്വര്യത്തിൽ അനുവത്തിക്കേണ്ടതായ സാമ്പത്തികപദ്ധതി രാജ്യഭരണത്തിലെ എല്ലാ വിഭാഗങ്ങളെയും സ്പശിക്കുന്നതായിരിക്കും. കൌടില്യൻ പറയുന്ന ഏകൈശ്വര്യത്തിൽ കൃഷി, വ്യവസായം മുതലായ നാനാവിഷയങ്ങളിൽ രാജ്യത്തിന്നു പൊതുവേയുള്ള സാമ്പത്തികസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടു്.

## ഭൂമിവിതരണം.

ഏതു രാജ്യത്തും സാമ്പത്തികമായ വൃദ്ധിക്ഷയങ്ങളെ പ്രഥമവും പ്രധാനവുമായി സ്പശിക്കുന്നതു് അതിലെ നിവാസികൾക്കു കൃഷി ചെയ്യുന്നതിനുള്ള സൌകര്യാസൌകര്യങ്ങളാണു്. കൃഷിചെയ്യാൻ ജനങ്ങൾക്കു സൌകര്യംപോലെ നിലം ലഭിക്കുമാറാകയും ശരിയായ കൃഷിക്കാക്കു ഭൂമിയിന്മേൽ സ്ഥിരമായ അവകാശം ഉണ്ടായിരിക്കയും ചെയ്താൽ മാത്രമേ കൃഷിക്കു യഥാർത്ഥമായ അഭിവൃദ്ധി സിദ്ധിക്കയുള്ളൂ. രാജാവിൻെറയും കൃഷിക്കാരുടേയും മദ്ധ്യത്തിൽ ഭൂമിയുടമസ്ഥന്മാരായി ചിലരുണ്ടായിരിക്കുന്നതു കൃഷിയുടെ പോഷണത്തിന്നു വലിയ പ്രതിബന്ധമാണു്. ഭൂമി മുഴുവൻ രാജകീയമായിരിക്കയും അദ്ദേഹം അതു് ഓരോ കുടുംബക്കാക്കും കൃഷിചെയ്യാൻ ഭാഗിച്ചുകൊടുക്കുകയും ചെയ്യണമെന്നാണല്ലോ സമത്വവാദികൾ സിദ്ധാന്തിക്കുന്നതു്. ഈ സിദ്ധാന്തം

കൌടില്യനു സമ്മതമാകുന്നു. കൌടില്യമതപ്രകാരം ഭൂമിയുടെ പരമമായ ഉടമസ്ഥൻ രാജാവാണ്. ഭൂമിയെ കൃതക്ഷേത്രങ്ങൾ (Lands prepared for cultivation), അകൃതക്ഷേത്രങ്ങൾ (Unprepared lands) എന്നിങ്ങനെ രണ്ടായിത്തിരിക്കുന്നു. ഇവയുടെ വിതരണത്തെപ്പററി കൌടില്യൻ പറയുന്നതിങ്ങനെയാണ്:— "കരം കൊടുക്കുന്നവക്കു കൃതക്ഷേത്രങ്ങൾ ഐകപുരുഷികങ്ങൾ (Enjoyable by a man for life) ആയിട്ടു കൊടുക്കണം. അകൃതക്ഷേത്രങ്ങൾ കൃതക്ഷേത്രങ്ങളാക്കിയാൽ അങ്ങനെ ചെയ്യുവരുടെ കയ്യിൽനിന്ന് അവ ഒഴിപ്പിക്കരുത്. കൃഷി ചെയ്യാത്തവരുടെ കൈവശമുള്ള ഭൂമികൾ ഒഴിപ്പിച്ചെടുത്തു മററുള്ളവക്കു കൊടുക്കണം. അല്ലെങ്കിൽ ഗ്രാമഭൃതകന്മാരോ (Village labourers) വൈദേഹകന്മാരോ കൃഷിചെയ്യട്ടെ. ഭൂമി വാങ്ങിയവർ കൃഷി ചെയ്യാതിരുന്നാൽ അവർ അപഹീനം (Compensatory fine) നല്കണം." (അധി. 2. അദ്ധ്യാ. 1.)

## കൃഷിക്കാക്കു സാഹായ്യം.

കൃഷിയുടെ ആവശ്യത്തിനു കടമായും മററും ധനം സഹായിക്കുന്നതു രാജാവിന്റെ കത്തവ്യമാകുന്നു. ഈ വിഷയത്തിൽ അനുഗ്രഹം, പരിഹാരം എന്നിങ്ങനെ രണ്ടുവിധം സാഹായ്യദാനങ്ങൾ പറഞ്ഞുകാണുന്നുണ്ട്. ഭൂമിയെ അധികം ഫലവത്താക്കുന്നതിനുള്ള സാഹായ്യം അനുഗ്രഹം (Financial help) എന്നും കേടു തീക്കുന്നതിനുള്ള സാഹായ്യം പരിഹാരം (Grant for land improvement) എന്നും പറയപ്പെടുന്നു. ഈ അനുഗ്രഹപരിഹാരങ്ങളേയും മററു സാഹായ്യങ്ങളേയും കുറിച്ചു പറയുന്നതിങ്ങനെയാണ്:— "ധാന്യം, പശുക്കൾ, ഹിരണ്യം എന്നിവ കടമായിക്കൊടുത്തു രാജാവു കഷകന്മാരെ സഹായിക്കണം; പിന്നീടവർ അവയെ ക്ലേശംകൂടാതെ തിരികെ കൊടുത്തു തീക്കുകയും വേണം. ഭണ്ഡാരത്തിന്റെ വൃദ്ധിക്കുതകുംവിധം അവക്കു അനുഗ്രഹവും പരിഹാരവും നല്കണം; കോശത്തിനു കോട്ടം വരുത്തുന്ന അനുഗ്രഹപരിഹാരങ്ങളെ വർജ്ജിക്കണം. എന്തുകൊണ്ടെന്നാൽ, അല്പകോശനായ രാജാവു പൌരജാനപദന്മാരെത്തന്നെ ഗ്രസിക്കും. ജനപദനിവേശം (Colonization of country) ചെയ്യുമ്പോൾത്തന്നെയോ, അല്ലെങ്കിൽ ജനങ്ങളുടെ ആഗമനമനുസരിച്ചോ പരിഹാരം നല്കണം. പരിഹാരമായിക്കൊടുത്ത ധനം തിരികെ തന്നു തീത്തവരെ അനുഗ്രഹം നല്കി അച്ഛനെന്നപോലെ രക്ഷിക്കുകയും വേണം." (അധി 2. അദ്ധ്യാ. 1.)

## ജലസേചനം.

കൃഷിയുടെ പുഷ്ടിക്കു വേണ്ട ജലസേചനത്തെക്കുറിച്ചു കൌടില്യൻ പറയുന്നതിങ്ങനെയാണ്:— "സഹോദകമോ ആഹാര്യോദകമോ (വെള്ളം കെട്ടിത്തിരിക്കാവുന്നതു്) ആയിട്ടുള്ള സേതു (ചിറ) കെട്ടിക്കണം. മററുള്ളവർ സേതു ബന്ധിക്കുമ്പോൾ ഭൂമിയും മാർഗ്ഗവും മരവും ഉപകരണവും നല്കി സാഹായ്യം ചെയ്കയും വേണം. . . . . . പലരും കൂടി സംഘമായി ചേൎന്നു സേതു ബന്ധിക്കുന്നതിൽനിന്നു് ഒരുവൻ ഒഴിഞ്ഞാൽ അവൻെറ കൎമ്മകരന്മാരും കാളകളും അവൻെറ പണി നടത്തണം. അവൻ അതിൻെറ ചെലവിൽ ഒരു ഭാഗം വഹിപ്പാൻ ചുമതലപ്പെട്ടിരിക്കും; ഫലത്തിൽ ഭാഗഭാക്കാകയുമില്ല." (അധി. 2. അദ്ധ്യാ. 1.)

## സീതാദ്ധ്യക്ഷൻ.

പൌരന്മാരുടേയും ജാനപദന്മാരുടേയും വകയായിട്ടു മാത്രമല്ല രാജാവിൻെറ വകയായിട്ടും കൃഷി നടത്തണമെന്നു കൌടില്യൻ പറയുന്നുണ്ടു്. രാജകീയമായ കൃഷിയുടെ മേൽനോട്ടം ചെയ്യുന്നതിന്നായി സീതാദ്ധ്യക്ഷൻ (Superintendent of Agriculture) എന്നൊരുദ്യോഗസ്ഥൻ ഉണ്ടായിരിക്കും. അദ്ദേഹം കൃഷിതന്ത്രവും (Science of agriculture) ഗുല്മവൃക്ഷമായുൎവ്വേദവും (Science of botany) പഠിച്ചറിഞ്ഞവനായിരിക്കയും അദ്ദേഹത്തിൻെറ കീഴിൽ ആ ശാസ്ത്രങ്ങളിൽ വിദഗ്ദ്ധന്മാരായവർ ഉണ്ടായിരിക്കയും വേണം. ധാന്യങ്ങൾ, പുഷ്പങ്ങൾ, ഫലങ്ങൾ, ശാകങ്ങൾ, കന്ദങ്ങൾ, മൂലങ്ങൾ, വല്ലീഫലങ്ങൾ, ക്ഷൌമം, പരുത്തി മുതലായവയുടെ വിത്തുകൾ യഥാകാലം ശേഖരിക്കുകയും അവ കൊണ്ടുള്ള കൃഷി നടത്തുകയും ചെയ്യേണ്ടതു സീതാദ്ധ്യക്ഷൻെറ ഭാരമാണ്. സീതാദ്ധ്യക്ഷൻെറകീഴിൽ കൃഷിപ്രവൃത്തി ചെയ്വാൻ ദാസന്മാർ, കൎമ്മകരന്മാർ, ദണ്ഡപ്രതികൎത്താക്കൾ (Persons working in default of paying fines) എന്നിവരെയാണു നിയോഗിച്ചിരുന്നതു്. സീതാദ്ധ്യക്ഷൻ നേരിട്ടു കൃഷിചെയ്യിച്ചതു കഴിച്ചു ബാക്കിയുള്ള സ്ഥലത്തു് അൎദ്ധസീതികന്മാർ (Cultivators of land in pankuvaram system), വിളവിൻെറ നാലിലൊരംശമോ അഞ്ചിലൊരംശമോ എടുപ്പാൻ നിശ്ചയിച്ചവരായ സ്വവീൎയ്യോപജീവികൾ (Those who live by their own physical exertion) മുതലായവർ കൃഷി ചെയ്യണം. അങ്ങനെ കൃഷിചെയ്വാൻ ഏററുവാങ്ങിയവർ,

ആപത്തുകളിലൊഴികെ, പണിചെയ്യാതിരുന്നാൽ ആ നിലത്തിൽ വിളയുമായിരുന്നതിന്റെ അംശമായ അനവധിതഭാഗം (Portion of the appoximate produce of land allowed to remain fallow) രാജാവിന്നു കൊടുക്കുകയും വേണം. കൃഷി ചെയ്യാവുന്ന ഭൂമി ഒരു തുണ്ടു പോലും വെറുതെ ഇടുവാൻ പാടില്ലെന്നു കൌടല്യൻ നിഷ്കർഷിച്ചു പറഞ്ഞിട്ടുണ്ടു്.

## ഭൂമിക്കുള്ള കരം.

കൃഷിചെയ്യുന്നതിനു ധാരാളം സൌകൎയ്യവും തക്കതായ സാഹായ്യലാഭവുമുണ്ടെങ്കിലും രാജാവിന്നു നൽകേണ്ടതായ കരം കർഷകന്നു ദുൎവ്വഹമായിരുന്നാൽ നാട്ടിലെ സാമ്പത്തികസ്ഥിതി ആശാസ്യമാകയില്ല. കർഷകന്മാർ കൃഷിചെയ്യുണ്ടാക്കുന്ന ധാന്യാദികളിൽനിന്നു വ്യത്യസ്തമായ വല്ല വസ്തുക്കളുമാണു കരമായി കൊടുക്കേണ്ടതെങ്കിൽ അതു് അവൎക്കു ദുൎവ്വഹമായി വന്നേക്കാം. കാരണം, കൃഷിചെയ്യുണ്ടാകുന്ന ധാന്യാദികളുടെ വിലയേക്കാറ്റം കരമായി കൊടുക്കേണ്ട വസ്തുക്കളുടെ വില അധികമായി വന്നേക്കാമെന്നുള്ളതുതന്നെ. എന്നാൽ, കൌടില്യൻ നിർദ്ദേശിക്കുന്നതായ കരം നിലം കൃഷിചെയ്യുണ്ടാകുന്ന വിളവിന്റെ ക്ലൃപ്തമായ ഒരംശം മാത്രമാണു്. കർഷകന്റെ ഉപേക്ഷകൊണ്ടല്ലാതെ സംഭവിക്കുന്ന കൃഷിദോഷങ്ങളിൽ തക്കതായ പരിഹാരം (Remission of taxes) നല്കണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നുണ്ടു്. കരത്തിന്റെ സാമാന്യസമ്പ്രദായം ഇതാണു്. എന്നാൽ ദുർല്ലഭം ചില സന്ദർഭങ്ങളിൽ പണമായിട്ടുള്ള കരവും പറഞ്ഞുകാണുന്നുണ്ടു്. അതു മിക്കതും കരം കൊടുക്കുന്നവർ പാൎക്കുന്ന ഗ്രാമത്തിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ചാണു നിശ്ചയിക്കേണ്ടതു്. ഗ്രാമങ്ങളെ പരിഹാരകം (Exempted from taxation), ആയുധീയം (Supplying soldiers), ധാന്യപ്രതികരം (Paying tax in kind of grains), പശുപ്രതികരം (Paying taxes in the form of cattle), ഹിരണ്യപ്രതികരം (Paying tax in the form of gold), കുപ്യപ്രതികരം (Paying tax in the form of raw materials); വിഷ്ടിപ്രതികരം (Supplying free laboures instead of tax) എന്നിങ്ങനെയാണു കൌടില്യൻ തരം തിരിച്ചിരിക്കുന്നതു്. ഇതു ഗ്രാമീണരുടെ സാമ്പത്തികസ്ഥിതിയേയും ശൌൎയ്യഗുണത്തേയും പശുസമൃദ്ധിയേയും കർമ്മസാമൎത്ഥ്യത്തേയും മററും ആസ്പദമാക്കിയുള്ള വിഭജനമാണെന്നു പറയേണ്ടതില്ലല്ലോ.

## നൂൽനൂൽപ്പും നെയ്ത്തും.

മനുഷ്യർക്ക് ആഹാരത്തെക്കഴിച്ചാൽ പിന്നെ അതിപ്രധാനമായിട്ടുള്ളതു വസ്ത്രധാരണമാണല്ലോ. അതിനാൽ നൂൽനൂൽപ്പും നെയ്ത്തും അത്യന്തം പ്രാധാന്യമുള്ളതും അനവധി ജനങ്ങൾക്കു പണിയുണ്ടാക്കിക്കൊടുക്കുന്നതുമായ വ്യവസായമാണ്. കൃഷിയെക്കഴിച്ചാൽ പിന്നെ ഇത്ര പ്രധാനമായ ഒരു തൊഴിൽ വേറെയില്ല. ഇന്ന് ഇന്ത്യയിൽ ഒട്ടേറെ കൈത്തറികളിലും വളരെ യന്ത്രശാലകളിലും വസ്ത്രങ്ങളുണ്ടാക്കുന്നുണ്ടെങ്കിലും അതുകൊണ്ടു മതിയാകാഞ്ഞിട്ടു വളരെ കോടി ഉറുപ്പിക വിലയ്ക്കുള്ള വസ്ത്രങ്ങൾ വിദേശങ്ങളിൽനിന്ന് ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ടല്ലോ. ഈ വിദേശവസ്ത്രങ്ങളും യന്ത്രശാലകളിലുണ്ടാക്കുന്ന വസ്ത്രങ്ങളും വേണ്ടെന്നുവെച്ച് ഈ രാജ്യത്തു കൃഷിചെയ്തുണ്ടാക്കുന്ന പരുത്തി ഇന്നാട്ടുകാർതന്നെ കൈകൊണ്ടു നൂററു നൂലാക്കുകയും ആ നൂൽ കൈത്തറികളിൽ നെയ്തുണ്ടാക്കുന്ന വസ്ത്രങ്ങൾ ധരിക്കുകയും നാട്ടിലെ ആവശ്യത്തിനു വേണ്ടുന്നത്ര വസ്ത്രങ്ങൾ ഇന്നാട്ടിൽത്തന്നെ ഉണ്ടാക്കുവാൻ സാധിക്കുകയും ചെയ്താൽ ഇന്ത്യയിലെ ജനങ്ങളുടെ പരക്കെയുള്ള സാമ്പത്തികസ്ഥിതി വളരെ ഉയർന്നുവരുന്നതാണ്. ഈ വിഷയം ഇന്നു പ്രജായത്തഭരണം ഏർപ്പെടുത്തുവാൻ ശ്രമിക്കുന്ന ഭാരതമഹാജനസഭക്കാരുടെ മാത്രം ശ്രദ്ധയ്ക്കു് അല്പാല്പമായി വിഷയീഭവിച്ചു കാണുന്നുണ്ട്. എന്നാൽ, രണ്ടായിരത്തിനാനൂറോളം സംവത്സരങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന കൌടില്യൻ ഇതിനെക്കുറിച്ചു വിശദമായ ഒരു വ്യവസ്ഥയെ നിർദ്ദേശിച്ചിട്ടുണ്ട്. നൂൽനൂല്പിന്റെയും നെയ്ത്തിന്റെയും മേൽനോട്ടം വഹിക്കുന്ന ഒരുദ്യോഗസ്ഥനെ കൌടില്യൻ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ഔദ്യോഗികമായ പേർ സൂത്രാദ്ധ്യക്ഷൻ (Superintendent of spinning and weaving) എന്നാണ്. നൂൽ, വർമ്മം, വസ്ത്രം, കയറ് എന്നിവയെ തദ്വിഷയത്തിൽ വിദഗ്ദ്ധന്മാരായ ആളുകളെക്കൊണ്ടു ചെയ്യിക്കുകയാണു സൂത്രാദ്ധ്യക്ഷന്റെ പ്രവൃത്തി.

## സൂത്രാദ്ധ്യക്ഷൻ.

രോമം, നാര്, പരുത്തി, പഞ്ഞി, ചണ, പട്ടുനൂൽ മുതലായവ അംഗവൈകല്യമുള്ളവരോ വിവാഹം കഴിയാത്തവരോ സന്യസിച്ചവരോ തടവുകാരികളോ വൃദ്ധവേശ്യകളോ വാർദ്ധക്യം വന്ന ദേവദാസികളോ ആയ സ്ത്രീകളെക്കൊണ്ടു നൂററിച്ചു സൂത്രാദ്ധ്യക്ഷൻ നൂലുണ്ടാ

ക്കികളുന്നു. അവരുണ്ടാക്കുന്ന നൂല്‍ നേരിയതോ പരുത്തതോ ഇടത്തരമോ എന്ന സംഗതിയും നൂലിൻെറ ബഹുല്പതയും നോക്കിയറിഞ്ഞു സൂത്രാദ്ധ്യക്ഷൻ അവൎക്കു വേതനം (Vages) കല്പിക്കുന്നു. ഇങ്ങനെ ശേഖരിച്ച നൂൽ നെയ്യു വസ്ത്രമാക്കുവാൻ സൂത്രാദ്ധ്യക്ഷൻ നെയ്ത്തു തൊഴിലായിട്ടുള്ള കാരുക്കളെ നിയോഗിക്കുന്നു. വസ്ത്രത്തിൻെറ തരവും വലുപ്പവും നെയ്യുവാൻ വേണ്ടിവരുന്ന സമയവും മുൻകൂട്ടി നിശ്ചയിച്ചിട്ടാണു നെയ്ത്തിനു കാരുക്കളെ നിയോഗിക്കേണ്ടതു്. സൂത്രാദ്ധ്യക്ഷൻ നെയ്ത്തുതൊഴിലുകാരായ കാരുക്കളുമായി അടുത്തു പെരുമാറേണ്ടതും അവരോടു സഖ്യം ചെയ്യിരിക്കേണ്ടതുമാണു്. അങ്ങനെയുള്ള കാരുക്കളെക്കൊണ്ടു പട്ടു, രോമപ്പട്ടു്, പരുത്തി എന്നിവ നൂല്ക്കുകയും നെയ്യുകയും ചെയ്യുന്നതിനുള്ള കൎമ്മാന്തങ്ങൾ (Manufactories) സൂത്രാദ്ധ്യക്ഷൻ നടത്തിക്കേണ്ടതാണു്. ഈ ഏൎപ്പാടുമൂലം അനവധി പേൎക്കു ജോലിയുണ്ടാകുവാനും നാട്ടുകാൎക്കാവശ്യമുള്ള വസ്ത്രങ്ങൾ സ്വദേശത്തിൽ തന്നെ ലഭിക്കുവാനും ഇടവരുന്നു.

## വീടുകളിൽ നൂൽനൂല്പു്.

സൂത്രാദ്ധ്യക്ഷൻ മുഖേന വേറെയും ഒരു ഗുണം ഉണ്ടാകുവാനുണ്ടു്. അതു് നാട്ടിൽ തൊഴിലില്ലാതെ ക്ലേശിക്കുന്ന സ്ത്രീകൾക്കു മാന്യമായ ഒരു തൊഴിൽ ഉണ്ടാകുന്നു എന്നതാണു്. കൌടില്യൻ പറയുന്നതാണിതു്:— "അനിഷ്കാസിനികളും (Women who do not stir out of their houses) പ്രോഷിതവിധവകളും (ഭൎത്താവു ദേശാന്തരം പോയവർ) ന്യംഗകളും കന്യകകളുമായ യാവചില സ്ത്രീകൾ സ്വപ്രയത്നത്താൽ ഉപജീവനം കഴിക്കേണ്ടവരായിട്ടുണ്ടോ അവരെ അദ്ധ്യക്ഷൻ സ്വദാസികൾ മുഖേന അനുസരിപ്പിച്ചു പ്രീതിപ്പെടുത്തി അവരെക്കൊണ്ടു നൂൽനൂല്പു് പണി ചെയ്യിക്കണം. അവർ നൂററുണ്ടാക്കിയ നൂലുംകൊണ്ടു പ്രഭാതസമയത്തു സൂത്രശാലയിൽ വന്നാൽ അദ്ധ്യക്ഷൻ ഭാണ്ഡവേതനവിനിമയം (നൂററ നൂലും അതിൻെറ കൂലിയും കൈമാററം ചെയ്ക=Exchange of articles for vages) ചെയ്യണം. അപ്പോൾ സൂത്രപരീക്ഷയ്ക്കുമാത്രം വേണ്ട വിളക്കേ ഉണ്ടാകാവൂ. അദ്ധ്യക്ഷൻ നൂലുംകൊണ്ടു വന്ന സ്ത്രീയുടെ മുഖത്തു നോക്കുകയോ അന്യകാൎയ്യത്തെക്കുറിച്ചു സംസാരിക്കുകയോ ചെയ്യരുതു്" (അധി. 2 അദ്ധ്യാ 23.)

ഇത്രയും പറഞ്ഞതിൽനിന്നു് പൊതുജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ ഉയൎത്തിക്കൊണ്ടുവരുവാൻ ഉപകരിക്കുന്ന പല വ്യവസ്ഥകളേയും കൌടില്യൻ നിൎദ്ദേശിച്ചിട്ടുണ്ടെന്നു വിശദമാകുന്നു.

# പ്രേമത്തിൻെറ സമ്മാനം.

—പൂതാമ്പിള്ളി മാലതിയമ്മ.

"അതേ, ഇന്നല്ലേ നിങ്ങളുടെ സ്റ്റോറിലെ മാനേജരദ്ദേഹത്തിൻെറ മകൻെറ പിറന്നാൾ?"

ഊണു കഴിഞ്ഞു സ്റ്റോറിലേക്കു പോകുന്നതിന്നു മുമ്പു സ്വല്പം വിശ്രമിക്കാമെന്നു കരുതി ചാരുകസേരയിൽ കിടന്നിരുന്ന രാഘവമേനോനോടു ഭാര്യ ചോദിച്ചു.

"അതേ, അതിനെന്തുവേണം?" എന്നു നിരസത്തോടുകൂടി ചോദിച്ചുകൊണ്ടു മേനോൻ ഒരു പത്രമെടുത്തു നിവൎത്തി മുഖം മറയത്തക്കവണ്ണം ഉയൎത്തിപ്പിടിച്ചു തൻെറ വിശ്രമസമയത്തെ ആക്രമിക്കുവാൻ വന്ന ഭാൎയ്യയുടേയും തൻെറയും മദ്ധ്യത്തിൽ കടലാസ്സുകൊണ്ടു ഒരു ഭിത്തി കെട്ടി. ഇതുകൊണ്ടൊന്നും 'ഒരുമ്പെട്ടു' വന്നിരിക്കുന്ന ശാരദ പിന്മാറിയില്ല. അവൾ തുടൎന്നു പറഞ്ഞു: "അപ്പോൾ ഇന്നാണല്ലോ സ്റ്റോറിലെ ജോലിക്കാൎക്കെല്ലാം മുപ്പതു ഉറുപ്പികയ്ക്കുള്ള സാമാനങ്ങൾ സൌജന്യമായി കൊടുക്കുന്നതു്?"

"സ്റ്റോറിലെ ജോലിക്കാൎക്കെല്ലാം കിട്ടുകയില്ല. എല്ലാ വിഭാഗങ്ങളിലേയും മേലധികാരികൾക്കു മാത്രമേ കിട്ടുകയുള്ളു." എന്നു രാഘവമേനോൻ സൊല്ല ഒഴിച്ചുവിടുവാൻവേണ്ടി പറഞ്ഞു വീണ്ടും പേപ്പർ വായനയിൽ ഏൎപ്പെട്ടു.

ശാരദ:—അതിൻെറ അൎത്ഥം അവിടെക്കും കിട്ടുമെന്നല്ലേ? എന്നാൽ ആ മുപ്പതു ഉറുപ്പികയ്ക്കു് എന്തെല്ലാം സാമാനങ്ങളാണു വാങ്ങുവാൻ പോകുന്നതു്? എൻെറ കുട അന്നു് ഒരാൾക്കു കൊടുത്തില്ലേ? എന്നിട്ടു തിരികെ കൊണ്ടുവന്നു തന്നപ്പോൾ ശിവ! ശിവ! 'ഇതാണോ എൻെറ കുട?' എന്നു എനിക്കുതന്നെ സംശയംതോന്നി. പിടി ഇളക്കി വിരല്ലാക്കെ വളച്ചിട്ടാണു തിരികെ കൊടുത്തയച്ചതു്. കിഴക്കേതിലെ സരോജിനി ഇന്നലെ ഒരു കുട പിടിച്ചിരിക്കുന്നതു കണ്ടു. ഘനം തീരെയില്ല. പിടിക്കും ശീലയ്ക്കും മററും എന്തു ഭംഗി! ശീല ഒന്നാംതരം 'ടാഫററാ' സില്ക്കാണു്. ആത്തരം കുട ഒന്നെനിക്കു മേടിച്ചേ തീരു. പിന്നെ, ഒരൊററ നല്ല സില്ക്കുസാരിപോലും എനിക്കില്ല. ഓരോരുത്തരും ഉടുക്കുന്നതു കാണുമ്പോൾ എനിക്കു കൊതിയാവുണു. "എന്താ

ശാരദേ, ശാരദക്കു പിശുക്കു നല്ലവണ്ണം അറിയാം കിട്ടോ. എപ്പോഴും 'ചീപ്പാ'യിട്ടുള്ള സാരികൾ മാത്രമല്ലേ വാങ്ങിക്കുന്നുള്ളു". എന്നു ഡാക്ടരുടെ ഭാര്യ പത്മം എന്നെ കൂടക്കൂടെ കളിയാക്കാറുണ്ട്. ഓ! ഒരു കാര്യം പറയുവാൻ വിട്ടുപോയി. ഇവിടത്തെ യൂഡികൊളോൺ കഴിഞ്ഞു. ഇന്നലെ തലവേദന സഹിക്കാൻ വയ്യാതെ ഞാൻ നോക്കിയപ്പോൾ ഒരു ഒററ തുള്ളിപോലും ഇല്ല. രാധയുടെ കല്യാണം എന്നാണെന്നറിയാമോ? ഈ മാസം ഏട്ടാംതീയതിയാണെന്നു തോന്നുന്നു. എനിക്കു വലിയ വിചാരമായിരിക്കയാണ്. അന്ന് ഇടാൻ എനിക്കു നല്ല ബ്ളൌസ് ഒന്നും ഇല്ല.

ഇത്രയുമായപ്പോഴേക്കും ക്ഷമകെട്ട മേനോൻ എഴുന്നേററു: 'ഇനി ഇരുന്നാൽ ബസ്സു തെററും' എന്നു പറഞ്ഞു കോട്ടും ധരിച്ചു 'ബസ്സ് സ്റ്റാൻഡി'ലേക്കു നടന്നു. മുപ്പതു ഉറുപ്പികയ്ക്കുള്ള സാമാനങ്ങൾ സൌജന്യമായി കിട്ടുകയാണെങ്കിൽ എന്തൊക്കെയാണു വാങ്ങിക്കേണ്ടതെന്നും മററും മേനോൻ കാലേതന്നെ ആലോചിക്കാതിരുന്നിട്ടില്ല. ഒന്നാംതരം 'സില്ക്കുഷർട്ട്' നാലെണ്ണം, സിഗററ്ടിൻ ഒന്ന്, കോട്ട് ഒന്ന്, കോളറ്, ബട്ടൻസ്, ബ്രില്യൻടൈൻ ഇത്രയും സാമാനങ്ങൾ വാങ്ങേണ്ടതു് അത്യാവശ്യമാണ്. പിന്നെ കാണുന്നതിന്റെ തരംപോലെ. നല്ലതരം ദോത്തിയോ മററോ കണ്ടാൽ അതും വാങ്ങിക്കാം. ശാരദയ്ക്കോ? അവൾക്കെപ്പോഴും എന്തെങ്കിലും വാങ്ങണം. ഇന്നാളല്ലേ അവൾക്കു നാലു വോയിൽസാരി വാങ്ങിച്ചതു്? രാധയുടെ കല്യാണത്തിനു അതിൽ ഒന്ന് ഉടുത്തുകൊള്ളട്ടെ. ഈ മുപ്പതു റുപ്പികയ്ക്കുള്ള സാമാനം മുഴുവനും എനിക്കുതന്നെ......'

രാഘവമേനോൻ ജോലിചെയ്യുന്ന സ്റ്റോറിലെ വേറൊരു ജോലിക്കാരനായ ജോൺ പിന്നിൽനിന്നു "മേനോൻ! നില്ക്കു" എന്നു വിളിച്ചു പറയുന്നതു കേട്ട മേനോൻ മനോരാജ്യത്തിൽനിന്നുണർന്നു. അദ്ദേഹം തിരിഞ്ഞുനോക്കി.

ജോൺ ഒരു അവിവാഹിതനാണ്. അടുത്തുതന്നെ സുന്ദരിയായ മേരിയെ വിവാഹം ചെയ്യാൻ നിശ്ചയിച്ചിരിക്കയാണ്. അദ്ദേഹം വേഗം നടന്നു മേനവന്റെ ഒപ്പം എത്തി പ്രസന്നതയോടുകൂടി പറഞ്ഞു "നല്ല തെളിച്ചമുള്ള ദിവസം! അല്ലേ മേനോൻ? ഇന്നെന്തോ നല്ല ഉത്സാഹം തോന്നുന്നു."

"മിണ്ടാതിരിക്കു ജോൺ. തന്റെ ഉത്സാഹവും, തെളിച്ചവും

ഒക്കെ കല്യാണം കഴിച്ചാൽ അസ്തമിക്കും" എന്നു മേനോൻ 'മുഖം കറപ്പിച്ചു'കൊണ്ടു പറഞ്ഞിട്ടും ഉന്മേഷഭരിതനായ ജോണിനു ലോകം മുഴുവനും പ്രസന്നമായിത്തന്നെ കാണപ്പെട്ടു. അയാൾ മേനോൻെറ മുഖഭാവമൊന്നും ഗണിക്കാതെ പറഞ്ഞു "എന്താ, മേനോൻ എൻെറ മേരിയെ കണ്ടിട്ടില്ലേ? അവൾ എത്ര നല്ല പെൺകുട്ടിയാണു്! അവൾക്കെന്നെ എത്ര സ്നേഹമാണെന്നോ? ഓ, ഇന്നല്ലേ നമുക്കു 30- ക.യുടെ സൌജന്യമായി സാമാനങ്ങൾ എടുക്കാവുന്നതു്? മേരിക്കു വിവാഹത്തിന്നു മുമ്പു എന്തെങ്കിലും ചില നല്ല സാമാനങ്ങൾ വാങ്ങി സമ്മാനിക്കണമെന്നു മോഹമുണ്ടു്. എന്തൊക്കെയാണു വാങ്ങേണ്ടതു്? പറയൂ, മേനോൻ."

മേനോനു എന്തോ ജോണിൻെറ ഈ ഉത്സാഹവും മേരിപ്രണയവും അസഹ്യമായിട്ടാണു തോന്നിയതു്. 'അതെ 30-ക. വെറുതെ കിട്ടുന്നതു് എന്തുകൊടുത്താലും തൃപ്തിയില്ലാത്ത സ്ത്രീകൾക്കുവേണ്ടി ചിലവാക്കണോ?' എന്നു മേനോൻ പതുക്കെ 'പിറുപിറുത്ത'തു ഭാഗ്യവശാൽ ജോൺ കേട്ടില്ല. മേനോൻ പുച്ഛസ്വരത്തിൽ പറഞ്ഞു "സ്ത്രീകൾക്കെന്തുവേണം. കുട; യൂഡിക്കൊളോൺ, സില്ക്കുസാരി, സ്ളീവ്‌ലസ്സ്, ബ്ലൌസ്, പൌഡർ ഇതൊക്കെ കിട്ടിയാൽ വലിയ തൃപ്തിയായി."

സ്റ്റോറിലെ അന്നത്തെ ജോലികളൊക്കെ അവസാനിച്ചപ്പോൾ രാഘവമേനോനും ജോണും സാമാനങ്ങൾ തിരഞ്ഞെടുക്കുവാനായി അവ വെച്ചിരുന്ന പ്രത്യേകസ്ഥലത്തെത്തി. മേനോൻ കാലേക്കൂട്ടി നിശ്ചയിച്ചിരുന്നപ്രകാരംതന്നെ നാലുസില്ക്കുഷർട്ടുകളും, കോട്ടു്, കോളർ, ടൈ, ബ്രില്യൻടൈൻ മുതലായ സാധനങ്ങളും നാലു ദോത്തികളും എടുത്തുകഴിഞ്ഞു. ബില്ലു നോക്കിയപ്പോൾ ഇരുപത്തെട്ടര ഉറുപ്പികയ്ക്കുള്ള സാമാനങ്ങൾ വാങ്ങിക്കഴിഞ്ഞിരിക്കുന്നു. "ശാരദയ്ക്കെന്തെങ്കിലും ഒന്നു വാങ്ങാഞ്ഞാൽ അവൾ എന്തു വിചാരിക്കും?" മേനവൻ ആലോചിച്ചുതുടങ്ങി. "ഞാൻ വലിയ സ്വാർത്ഥിയാണെന്നു പറയില്ലേ! പറഞ്ഞില്ലെങ്കിലും അവൾ മനസ്സിൽ വിചാരിക്കും. ഇനി ഒന്നര ഉറുപ്പികയല്ലേയുള്ളു? എന്താണവൾക്കു വാങ്ങേണ്ടതു്?" രാഘവമേനോൻ ചുററുമുള്ള സാധനങ്ങളിലേക്കു കണ്ണോടിച്ചു. ഉടനെ മേനോൻെറ ദൃഷ്ടി 'വില 1 ക.' എന്നു് എഴുതിപ്പററിച്ചിരുന്ന ഒരു പഴയ കുടയിന്മേൽച്ചെന്നു പതിഞ്ഞു. "ഇതു ശാരദ ഇപ്പോൾ ഉപയോഗിക്കുന്ന കുടയേക്കാൾ ഭേദമാണു്. എന്തായാലും ഇതു വാങ്ങിക്കാം" എന്നു കരുതി ആ നിസ്വാർത്ഥി ബാക്കിയുള്ളതിൽനിന്നു് ഒരു ഉറുപ്പികയ്ക്കു് ആ കുടയും നാലണയ്ക്കു് ഒരു കുപ്പി

'ആസ്പിരിൻ' ഗുളികയും ശാരദയ്ക്കായി വാങ്ങിച്ച് എല്ലാംകൂടി പൊതിഞ്ഞു കെട്ടി കയ്യിൽ എടുത്തു. ജോൺ ഒരു കെട്ടും എടുത്തുകൊണ്ടു പ്രസന്നമായി മേനോന്റെ അടുക്കൽ വന്നു. "മേനോൻ, ഇതൊന്നു നോക്കു. അവൾക്കിഷ്ടമാകുമോ എന്തോ?" എന്നു പറഞ്ഞു കയ്യിലിരുന്നിരുന്ന കെട്ടഴിച്ച് ഓരോ സാധനമായി എടുത്തു കാണിക്കുവാൻ തുടങ്ങി—ഇളംനീല വർണ്ണത്തിൽ, കസവു ബോർഡറുള്ള ഒരു സില്ക്കു സാരി, അതിന്നു യോജിച്ച ഒരു ബ്ലൌസ്, ഒന്നാംതരം സില്ക്കു കുട, ഒരുകുപ്പി യൂഡികോളോൺ, ഒരു ചെപ്പു റോസ്സു പൌഡർ—ജോണിന്റെ സാമാനങ്ങൾ കണ്ടപ്പോൾ രാഘവമേനോന് ഒരു 'വല്ലായ്മ' തോന്നി. 'പാവം! ശാരദ! അവൾ പറഞ്ഞ സാധനങ്ങൾ കൊണ്ടുവരുമെന്നു ആശിച്ചു കാത്തിരിക്കുന്നുണ്ടാകും' എന്നു മേനോൻ വിചാരിച്ചു.

രണ്ടു സ്നേഹിതന്മാരും ഓരോ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടു ബസ്സിൽ ചെന്നു കയറി കെട്ടുകൾ സീററിന്മേൽത്തന്നെ വെച്ചുകൊണ്ടിരുന്നു. ജോണിന്നു മേരിയുടെ അടുക്കൽ ചെന്നു സാരിയും മററും സമ്മാനിക്കുവാൻ ധൃതിയായി. 'ഈ സാമാനങ്ങൾ കാണുമ്പോൾ മേരിയുടെ മുഖം പ്രഭാതപത്മംപോലെ പ്രഫുല്ലമായിത്തീരും. അവളുടെ മുഖം സന്തോഷത്താൽ തുടുക്കും' ഇങ്ങിനെ ജോൺ ഓരോന്നാലോചിച്ചുകൊണ്ടിരുന്നു. മേനോന് എങ്ങിനെയാണു ശാരദയെ അഭിമുഖീകരിക്കേണ്ടതു് എന്നുള്ള വിചാരമായി. രാഘവമേനോന്റെയും ശാരദയുടേയും വിവാഹം കഴിഞ്ഞിട്ട് അഞ്ചാറുകൊല്ലമായി. ശാരദയ്ക്ക് അലങ്കാരങ്ങളിൽ വലിയ ഭ്രമമാണ്. അതുമൂലം അവർ തമ്മിൽ ചില ചില്ലറ വഴക്കുകളൊക്കെ ഉണ്ടാകാറുണ്ട്. കുറച്ചു കാലമായി മേനോന്നു ശാരദയോട് ആദ്യത്തെപ്പോലെ സ്നേഹം തോന്നാറില്ല. മേശ, കസേര, വസ്ത്രം മുതലായവപോലെ ഭാര്യയും ഗാർഹികജീവിതത്തിലെ ഒരു അനിവാര്യഘടകം എന്നുള്ള ഒരു മനോഭാവമാണു മേനവൻ ശാരദയോടു കൈക്കൊണ്ടിരുന്നതു്. മേനവൻ വിചാരിച്ചു: "ആസ്പിരിനും കുടയും കാണുമ്പോൾ ശാരദ എന്തു വിചാരിക്കും? അവൾക്കു വലിയ ഇച്ഛാഭംഗമുണ്ടാകുമോ? ഉണ്ടെങ്കിൽത്തന്നെയും അതു പുറത്തു പ്രകടിപ്പിക്കുന്ന കൂട്ടത്തിലല്ല ശാരദ. എന്നോടു മുഷിച്ചിലായി ഒന്നും പറയുകയുമില്ല." മേനോന്നു വീട്ടിലേക്കു കടക്കുവാൻതന്നെ ഒരു മടി തോന്നിത്തുടങ്ങി. ബസ്സ് അവക്കിറങ്ങേണ്ട സ്ഥലത്തു നിന്നു. രണ്ടുപേരും കെട്ടുകളുമെടുത്ത് അവരവരുടെ വീടുകളിലേക്കു നടന്നു.

രാഘവമേനോൻ വീട്ടിൽ ചെന്നപ്പോൾ നേരം സന്ധ്യയായി. ശാരദ പൂമുഖത്തിരിക്കുകയായിരുന്നു. അവൾ മേനോന്റെ കയ്യിൽ പിടിച്ചിരുന്ന കെട്ടിന്മേലെക്കും അയാളുടെ മുഖത്തേക്കും മാറിമാറി നോക്കി. മേനോന്റെ മുഖം ഗംഭീരമായിരുന്നു. അവിടെ ശാരദ കണ്ടതു പ്രസന്നതയോ സന്തോഷമോ അല്ല. അസാമാന്യമായ ഒരു ആലോചനയും ഗാംഭീര്യവുമാണ്. അദ്ദേഹം കുറച്ചു ഗംഭീരസ്വരത്തിൽ 'എനിക്കീ ചെറിയ കാര്യങ്ങളെപ്പററി സംസാരിക്കുവാനുംമററും സമയമില്ലെ'ന്നുള്ള ഭാവത്തിൽ 'നോക്കു ശാരദേ, എനിക്കൊന്നു പുറത്തു പോയിട്ടു അത്യാവശ്യകാര്യമുണ്ട്. വേണമെങ്കിൽ ഈ കെട്ട് അഴിച്ചു നോക്കിക്കോളു' എന്നു പറഞ്ഞു കെട്ടു മേശമേൽതന്നെ വെച്ചു കാപ്പി കുടിക്കുവാൻ പോലും നില്ക്കാതെ കോട്ട് അഴിച്ചിട്ടു സിഗററും വലിച്ചുകൊണ്ടു പുറത്തേക്കിറങ്ങിപ്പോയി. "കെട്ടഴിച്ചു നോക്കുമ്പോൾ ശാരദയുടെ നിരാശ കാണാൻ പ്രയാസം" എന്നു കരുതിയാണു മേനോൻ പുറത്തേക്കു പോയതു്.

ശാരദ കെട്ടുമെടുത്തുകൊണ്ട് അകത്തേക്കു പോയി. രാഘവമേനോന്റെ മുഖം കണ്ടപ്പോൾതന്നെ താൻ പറഞ്ഞിരുന്ന സാധനങ്ങൾ ഒന്നും കൊണ്ടുവന്നിട്ടില്ലെന്ന് അവൾക്കു തോന്നി. മേനോനു തന്നോടു പണ്ടത്തെപ്പോലെയുള്ള സ്നേഹമില്ലെന്നു ശാരദയ്ക്കു പലപ്പോഴും തോന്നാറുണ്ട്. പക്ഷെ അതിന്നു കാരണമെന്തെന്ന് എത്ര ആലോചിച്ചിട്ടും ശാരദയ്ക്കു മനസ്സിലായില്ല. തന്റെ സൌന്ദര്യത്തിന്നു വല്ല കുറവും നേരിട്ടിട്ടുണ്ടോ എന്ന് ഇതിനിടയ്ക്കു അവൾ രണ്ടു പ്രാവശ്യം കണ്ണാടിയിൽ നോക്കി. അവൾ തന്നെ താൻ പറഞ്ഞു "ഇല്ല. അദ്ദേഹത്തിന്നു് എന്നോടു പണ്ടത്തെപ്പോലെ സ്നേഹമില്ല."

ശാരദ വിളക്കിന്റെ അടുക്കൽ വെച്ചു കെട്ട് അഴിച്ചു തുടങ്ങി. പകുതി അഴിച്ചപ്പോൾ ഒരു കുടയുള്ളതുപോലെ തോന്നി. "ആ! അദ്ദേഹം ഇതോൎമ്മിച്ചല്ലോ. ഇതെനിക്കുള്ള കുടതന്നെ' എന്നു തന്നെ താൻ പറഞ്ഞുകൊണ്ട് അവൾ ഝടിതി ധൃതിയിൽ അഴിച്ചുമാററി പൊതി തുറന്നു. 'എനിക്കു സില്ക്കു കുടയോ?' എന്നു പറഞ്ഞ് അവൾ അതെടുത്തു താൻ കാണുന്നതു സ്വപ്നമോ യഥാൎത്ഥമോ എന്നു വിശ്വാസം വരാത്തതുപോലെ അതിന്മേൽതന്നെ കുറച്ചു നേരം നോക്കിക്കൊണ്ടിരുന്നു. "ഇതു നല്ല വിലപിടിച്ച കുടയാണല്ലോ. കഷ്ടം! ഞാൻ

വെറുതെ "അദ്ദേഹം സ്വാൎത്ഥിയാണു്; എന്നെ സ്നേഹമില്ല" എന്നെല്ലാം വിചാരിച്ചു. ആട്ടെ എനിക്കിതു വാങ്ങിച്ചല്ലോ. ഇനിയുള്ള സാധനങ്ങൾ മുഴുവനും അദ്ദേഹത്തിനുള്ളതാണെങ്കിൽത്തന്നെയും എനിക്കു യാതൊരു വിരോധവുമില്ല." എന്നു വിചാരിച്ചുകൊണ്ടു് അവൾ വേറൊരു പൊതി തുറന്നു നോക്കി. ശാരദയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. സില്ക്കു ബ്ളൌസ്! സാരി! യൂഡികൊളോൺ! പൌഡർ! എല്ലാം അവൾക്കു്! അദ്ദേഹത്തിനു് ഒന്നുമില്ല! അവളുടെ ഹൃദയം തുടിച്ചു. സന്തോഷാധിക്യത്താൽ ശ്വാസം മുട്ടിത്തുടങ്ങി. 'ഈശ്വരാ, അദ്ദേഹത്തിന്നെന്നെ സ്നേഹമില്ലെന്നു വിചാരിച്ച ഞാൻ എത്ര ദുഷ്ട!' എന്നു ശാരദ തന്നെത്താൻ പഴിച്ചു. പെട്ടെന്നു് അവളുടെ മനസ്സിൽ പുതിയ ഒരാശയം ഉദിച്ചു "അദ്ദേഹത്തിനു ഞാൻ ഇതെല്ലാം ഉടുത്തുകാണുന്നതു് ഇഷ്ടമായിരിക്കും" അവൾ വേഗം തലചീകിയൊതുക്കി കെട്ടിവെച്ചു സില്ക്കു ബ്ളൌസും സാരിയും എടുത്തുടുത്തു. സാരി ഉടുത്തതു നന്നായോ എന്നു അവൾ കണ്ണാടിയിൽ നോക്കിക്കൊണ്ടു നിന്നു. അപ്പോഴാണു രാഘവമേനോൻ ശാരദയുടെ വാടിയ മുഖം കാണുമെന്നു പ്രതീക്ഷിച്ചുകൊണ്ടു സങ്കോചത്തോടുകൂടി കടന്നു വന്നതു്. പക്ഷേ മേനോൻ കണ്ടതു സന്തോഷം വഴിഞ്ഞൊഴുകുന്ന മുഖത്തോടുകൂടി തന്നെ നോക്കി പുഞ്ചിരിതൂകിക്കൊണ്ടു നില്ക്കുന്ന ഒരു ശാരദയെയാണു്. മേനോൻ ഒന്നു് അമ്പരന്നു പോയി. ആ പഴയ 'മുള്ളംകാല്യ' കൂടെ കിട്ടിയിട്ടാണോ ശാരദയ്ക്കിത്ര സന്തോഷം?' എന്നു് അദ്ദേഹം അത്ഭുതപ്പെട്ടു. മേനോൻ ശാരദയുടെ അടുത്തു ചെന്നു "ശാരദേ, ഈ സാരി നിനക്കു നല്ല ചേൎച്ചയുണ്ടു്. ഇന്നെന്താണു വിശേഷം?" എന്നു ചോദിച്ചു.

ശാരദ:—ആട്ടെ, ഇന്നെന്താണു അവിടുന്നു് ഒരു സാധനവും മേടിക്കാഞ്ഞതു്? ഞാൻ പറഞ്ഞിരുന്ന സില്ക്കുകുടയും യൂഡികൊളോണും, സാരിയും ഒന്നും മറന്നില്ലല്ലോ! ആ ബ്ളൌസു എനിക്കെത്ര പാകമാണെന്നോ! അവിടെയ്ക്കു നാലു ഷൎട്ടെങ്കിലും വാങ്ങിക്കാമായിരുന്നില്ലേ?" മേനോന്റെ അമ്പരപ്പു് ഒന്നുകൂടി വൎദ്ധിച്ചു. "എന്നാൽ ഞാൻ ജോണിന്റെ കെട്ടു അറിയാതെ മാറിയെടുത്തു" എന്നദ്ദേഹം തന്നെത്താൻ പറഞ്ഞുപോയി. "ഇതെല്ലാം കിട്ടിയിട്ടു ഞാൻ ഒന്നും വാങ്ങിക്കാത്തതുകൊണ്ടു ശാരദക്കു വ്യസനമുണ്ടു്. ഈശ്വരാ, ഞാൻ എന്തു സ്വാൎത്ഥി!" എന്നു കരുതി മേനോൻ ശാരദയുടെ മുഖത്തേയ്ക്കു

സ്വല്പം വ്യസനഭാവത്തിൽ നോക്കി. ആ ഒരു നോട്ടം മതിയായിരുന്നു ശാരദയുടെ കോമളഹൃദയത്തെ അലിയിക്കുവാൻ. അവൾ മേനോൻെറ അരികിൽ വന്നു കൈ പിടിച്ചു ചുംബിച്ചുകൊണ്ടു പറഞ്ഞു. "ഞാൻ ഏററവും വിലവെച്ചിരുന്ന ഒരു സാധനം എനിക്കു നഷ്ടമായി എന്നാണു ഞാൻ വിചാരിച്ചിരുന്നതു്. എന്നാൽ അതു എന്നും എൻേറതു തന്നെയായിരുന്നു എന്നു് എനിക്കിന്നു ബോദ്ധ്യമായി. അവിടുത്തെ സ്നേഹം ... ..." പൂമുഖത്തു ആരോ വന്നു നിന്നു ചുമക്കുന്ന ശബ്ദം അവർ കേട്ടു. ജോൺതന്നെ കെട്ടു മാററിമേടിക്കുവാൻ വന്നതായിരിക്കണമെന്നു വിചാരിച്ചു് മേനോൻ പരിഭ്രമിച്ചു എഴുന്നേററു. മുഖത്തു ചില സ്വേദബിന്ദുക്കളുടെ മുത്തുമണികൾ അദ്ദേഹം അറിയാതെ അണിഞ്ഞിരുന്നു. തൻെറ ജീവിതത്തിൽ ഇത്ര വലിയ മാററത്തിന്നിടവരുത്തിയ ഈ സാധനങ്ങൾ തിരികെ കൊടുക്കുകയോ? ഇതിൻെറ രഹസ്യം ശാരദ ഒരിക്കലും അറിയരുതു് എന്നായിരുന്നു അപ്പോൾ അദ്ദേഹത്തിൻെറ വിചാരം. ശാരദ പറഞ്ഞു: "ഞാൻ പോയി ആരാണെന്നു നോക്കി വരാം."

"വേണ്ട, വേണ്ട, ശാരദ പോയി ഇലവെക്കുവാൻ പറയു. ഞാൻ ഇതാ വന്നു കഴിഞ്ഞു" എന്നു പറഞ്ഞു ശാരദയെ അടുക്കളയിലേക്കയച്ചു മേനോൻ ധൃതിയിൽ പൂമുഖത്തെത്തി. "മേനോൻ, നമ്മുടെ കെട്ടുകൾ തമ്മിൽ മാറിപ്പോയി" ജോൺ പറഞ്ഞുതുടങ്ങി. ശാരദ കേട്ടെങ്കിലോ എന്നുള്ള ഭയത്താൽ മേനോൻ തടുത്തുകൊണ്ടു താഴ്ന്ന സ്വരത്തിൽ പറഞ്ഞു: "ജോൺ, എനിക്കു മനസ്സിലായി. പക്ഷെ ഇനി അതു മാററാൻ നിവൃത്തിയില്ല."

"എൻെറ മുഖത്തു ഒരു പാടു കണ്ടോ?" എന്നു ജോൺ കരുണസ്വരത്തിൽ ചോദിച്ചു.

മേനോൻ:—"ഉം, ഒരു ചുമന്ന പാടു്. എന്താണതു്?"

ജോൺ:—"നമ്മുടെ കെട്ടു മാറിയതിൻെറ ഫലമാണതു്."

മേനോൻ:—"ജോൺ, എന്താണീ പറയുന്നതു്? കെട്ടുകൾ മാറിപ്പോയതിൻെറ ഫലം മുഖത്താണോ കാണുക?"

ജോൺ മുഖത്തെ ആ പാടിൻെറ ചരിത്രം വിവരിച്ചുതുടങ്ങി. "സ്റേറാറിൽനിന്നു വരുന്ന വഴിക്കു മേരിയുടെ ഗൃഹത്തിൽ കയറി അവൾക്കുള്ള സമ്മാനമാണെന്നു പറഞ്ഞു കെട്ടു് അവിടെ കൊടുത്തു ഞാൻ വീട്ടിലേക്കു പോയി. വീട്ടിൽ ചെന്നു ഉടുപ്പു മാറി മേരിയെ

കാണുവാനായി ഞാൻ തിരികെ അവളുടെ വീട്ടിൽ ചെന്നു. മേരി കെട്ടു് അഴിച്ചുനോക്കുകയായിരുന്നു. എന്റെ സ്നേഹിതാ, ഒരു ആസ്പിരിൻ കുപ്പിയാണു എനിക്കു സ്വാഗതമരുളിയതു്. മേരിക്കായിട്ടുള്ള സമ്മാനം ആസ്പിരിനാണെന്നു അവൾ ധരിച്ചു. അവൾ അതെന്റെ മുഖത്തേക്കുതന്നെ വലിച്ചെറിഞ്ഞു് ഒന്നും പറയാതെ എഴുന്നേററു് അകത്തേക്കു പോയി."

മേനോൻ പൊട്ടിച്ചിരിച്ചുപോയി. "ആട്ടെ, ജോൺ വ്യസനിക്കാതിരിക്കൂ. ഞാൻ കൊണ്ടുവന്ന കെട്ടു് ഇനി തിരികെ തരാൻ നിവൃത്തിയില്ല. അങ്ങിനെ മാററിത്തരുന്നതായാൽ അതു എന്റേയും ശാരദയുടേയും ഹൃദയം തകക്കുമെന്നു മേരിയോടു പറഞ്ഞേക്കു. മേരിക്കു സമ്മാനം വാങ്ങുവാനായി ഇതിരിക്കട്ടെ. ജോൺ തടസ്സമൊന്നും പറയരുതു്. ഇതു വാങ്ങാഞ്ഞാൽ നമ്മൾ തമ്മിലുള്ള ബന്ധം അവസാനിച്ചു" എന്നു പറഞ്ഞു മുപ്പതു രൂപയുടെ നോട്ടുകൾ "വേണ്ട വേണ്ട" എന്നു പറഞ്ഞുകൊണ്ടുനില്ക്കുന്ന ജോണിന്റെ കീശയിൽ ഇട്ടു.

ജോൺ—മേനോൻ, ഒരു കാൎയ്യം ചെയ്യണം. ഇപ്പോൾ തന്നെ എന്റെ കൂടെ വന്നു് ഉണ്ടായ സംഗതി മുഴുവൻ മേരിയെ പറഞ്ഞു മനസ്സിലാക്കണം.

മേനോൻ—"ഇപ്പോൾത്തന്നെ വരാൻ വിഷമമാണു്. എനിക്കു ധൃതിയായ ചില ജോലികളുണ്ടു്. നാളെ കാലത്തു ഞാൻ മേരിയുടെ അടുക്കൽ ചെന്നു് ഉണ്ടായ സംഗതി മുഴുവൻ അവളെ പറഞ്ഞു മനസ്സിലാക്കാം. പക്ഷെ ജോൺ ഇന്നുണ്ടായ സംഭവം നാം മൂന്നു പേരൊഴികെ മററാരും അറിയരുതു്." എന്നു പറഞ്ഞു സ്നേഹിതനെ പറഞ്ഞയച്ചു മേനോൻ അകത്തേക്കു പോയി.

# പുതിയ ശാകുന്തളങ്ങൾ.

## ഒരു പ്രത്യാഖ്യാനം.

— വിദ്വാൻ മാമ്പററ വിരൂപാക്ഷൻ നമ്പൂതിരി.

പണ്ഡിതചൂഡാമണിയും, കവിധർമ്മമർമ്മജ്ഞനുമായ ശ്രീമാൻ ആററൂർ കൃഷ്ണപിഷാരോടി അവർകളുടെ "കേരളശാകുന്തള"ത്തേയും, മഹാകവി വള്ളത്തോൾ അവർകളുടെ 'അഭിജ്ഞാനശാകുന്തള'ത്തേയും തമ്മിൽ മാററുരച്ചുകൊണ്ട് ഒരു അസാധാരണപണ്ഡിതരായ ശ്രീമാൻ കെ. വി. എം. അവർകൾ, കൈരളിയിൽ എഴുതിവന്നിരുന്ന നിരൂപണപരമ്പര ഒരുവിധം അവസാനിച്ചിരിക്കുന്നു. "ചൈത്രമാസികഠോരസൂര്യകിരണ"ങ്ങളെക്കൊണ്ടു മസ്തിഷ്കം ഒരുവിധം പുകഞ്ഞിരിക്കാവുന്ന ഒരു മേടമാസത്തിൽ തുടങ്ങിയ പ്രസ്തുത നിരൂപണം, നല്ലൊരു ശൂന്യമാസമായ കന്നിയിൽ വന്നവസാനിക്കയാണുണ്ടായതെന്നു മാന്യവായനക്കാർ പ്രത്യേകം ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ശ്രീമാൻ കെ. വി. എം. അവർകളുടെ പാണ്ഡിത്യമഹിമാവിനെക്കുറിച്ച് ഇതിലുമധികം ആശയുണ്ടായിരുന്ന ഈ ലേഖകനു, നിരൂപണം വായിച്ചുതുടങ്ങിയപ്പോൾ, പരമശുഷ്കവും, സർവ്വാബദ്ധവുമായ അതിന്റെ രൂപം നർത്തനം ചെയ്യുന്നതു കാണ്മാനുള്ള നിർഭാഗ്യമാണുണ്ടായതെന്നു പറയാതെ തരമില്ല. കുറച്ചൊരു ആലോചനാബുദ്ധിയുള്ള ഒരുവനുപോലും പററാത്തതായ പല പ്രമാദങ്ങളും അതിൽ സർവ്വത്ര സുലഭമായി കാണാനുണ്ട്. ഒരു മറുപടിയെ അർഹിക്കത്തക്ക ഗൌരവം അതിൽ ഒരു ഭാഗത്തിനു പോലും ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് അത്ര വിപുലമായ ഒരു മറുലേഖനംകൊണ്ടു വായനക്കാരുടെ ക്ഷമാശീലത്തെ വീണ്ടും വ്രണപ്പെടുത്തുവാൻ ഒരുമ്പെടുന്നില്ലതന്നെ. എന്നാൽ ഒരു സ്ഥാനത്തിരുന്നു പറയുമ്പോൾ പൊതുജനങ്ങളിൽ ചിലർക്കെങ്കിലും വല്ല തെററിദ്ധാരണയും വരാവുന്നതുകൊണ്ടും, കേരളശാകുന്തളത്തോട് * ഈയുള്ളവനു സ്വല്പമായുള്ള കടപ്പാടുകൊണ്ടുംമാത്രം രണ്ടുവാക്കു പറയുന്നതാണ്. അതിൽ മഹാകവി വള്ളത്തോൾ അവർകളുടെ തർജ്ജമയെപ്പററിയും പല അബദ്ധങ്ങൾ പറഞ്ഞുകാണുന്നതിനുള്ള സമാധാനം, മറെറാരവസരത്തിലേക്കോ, മറെറാരാൾക്കോ മാററിവക്കാമെന്നല്ലാതെ, രണ്ടും കൂട്ടിപ്പിടിച്ചു

---

* കേരളശാകുന്തളത്തിന്റെ വ്യാഖ്യാതാവാണു ലേഖകൻ. (കൈ. പ.)

ലേഖനം ദീർഘിപ്പിക്കാൻ തുനിയുന്നില്ല. നിഷ്പക്ഷമായ നിരൂപണമാണെന്നുള്ള നാട്യത്തിൽ എഴുതിയിട്ടുള്ള ആ ലേഖനത്തിൽ ആ നിഷ്പക്ഷതയെ പരിപാലിക്കുവാൻ വേണ്ടി, നിരൂപകൻ പെടുന്ന പാട് കണ്ടാൽ ആരും ചിരിച്ചുപോകും. മാത്രമല്ല, ഒരു മുത്തുമുത്തു രണ്ടുപേരുംതന്നെ ശാകുന്തളം തർജ്ജമ ചെയ്യേണ്ടതില്ലായിരുന്നു എന്നതുവരെ എത്തിയിട്ടുമുണ്ടു്. എന്നാൽ വലിയ കോയിത്തമ്പുരാൻതന്നെ തർജ്ജമ ചെയ്യേണ്ടിയിരുന്നില്ലെന്നു നിരൂപകൻ പറയാഞ്ഞതു്, അവിടുത്തോടുള്ള ബഹുമാനം കൊണ്ടായിരിക്കാമെന്നല്ലാതെ, അഭിജ്ഞാനശാകുന്തളത്തിനു അന്യഭാഷാവിവർത്തനംകൊണ്ടു വരാവുന്ന വൈകല്യങ്ങളെ വകവച്ചുകൊടുക്കാമെന്നു വച്ചായിരിക്കയില്ലെന്നു സ്പഷ്ടമാകുന്നുമുണ്ടു്.

ശാകുന്തളത്തിലെ പ്രഥമപദ്യം നാന്ദിയാണെന്നും, നാന്ദിയിൽ കാവ്യാർത്ഥം സൂചിതമായിരിക്കണമെന്നു ആദിഭരതം പറഞ്ഞിട്ടുള്ളതനുസരിച്ചു പ്രസ്തുത പദ്യത്തിൽ കാണുന്നതുകൊണ്ടു് അക്കാര്യം തീർച്ചയാക്കാമെന്നും, അതുകൊണ്ടു്, അതു വെറും പ്രാർത്ഥനാപദ്യമാണെന്നുള്ള കേരളശാകുന്തളത്തിലെ സമ്പ്രദായം തീരെ അസംബന്ധമാണെന്നുമാണു നിരൂപകന്റെ ഒന്നാമത്തെ വാദം.

ഇതിനെപ്പറ്റി നമുക്കൊന്നു നോക്കാം. നിരൂപകൻ അതിലേക്കു പ്രമാണമായി പറയുന്ന ആദിഭരതം എന്താണെന്നു നമുക്കറിഞ്ഞുകൂട. എന്നാൽ, സാക്ഷാൽ ഭരതമുനിയുടേതെന്നു വിശ്വസിക്കപ്പെട്ടുവരുന്ന ഭരതശാസ്ത്രമാണെങ്കിൽ, അതിൽ നാന്ദിയെ പറ്റി പറഞ്ഞിരിക്കുന്നതു് അങ്ങനെയൊന്നുമല്ല. "നാടകാരംഭവേളയിൽ, രംഗവിഘ്നോപശാന്തിക്കായി നടന്മാരെല്ലാംകൂടി അണിയറയിൽവച്ചും, രംഗത്തിൽ വച്ചും ചെയ്യുന്നതും, എല്ലാ നാടകങ്ങൾക്കും പൊതുവേയുള്ളതുമായ ചില പൂജാപ്രാർത്ഥനാദി കർമ്മങ്ങളാണു നാന്ദി എന്നാണു നാന്ദിയെപ്പറ്റി പറഞ്ഞിരിക്കുന്നതു്. മാമൂലിനെ അശേഷം തെറ്റിക്കാതെ ഇന്നും നടന്നുപോരുന്ന ചാക്യാന്മാരുടെ കൂടിയാട്ടത്തിന്റെ ചടങ്ങിൽനിന്നും പ്രസ്തുതസംഗതി നമുക്കു കാണാവുന്നതാണു്. അങ്ങനെയുള്ള ഒരു കർമ്മത്തിൽ പ്രകൃതവാദത്തിനു് എന്തു പ്രസക്തിയാണുള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല. പ്രസ്തുതപദ്യത്തിൽനിന്നു ശാകുന്തളത്തിലെ ഇതിവൃത്തം സൂചിക്കുന്നുണ്ടെന്നുള്ളതിലേക്കു നിരൂപകൻ കൊടുത്തിരിക്കുന്ന വ്യാഖ്യാനം വളരെ വിചിത്രമായിട്ടുണ്ടു്. "യാസൃഷ്ടിഃ സ്രഷ്ടുരാദ്യാ" എന്ന ഭാഗത്താൽ ശകുന്തള എന്നു സൂചിക്കുന്നുണ്ടത്രെ! സൃഷ്ടികർത്താവിന്റെ ആദ്യത്തെ സൃഷ്ടി ശകുന്തളയാണെങ്കിൽ തരക്കേടില്ല. പക്ഷേ, അതിനു മുമ്പിൽ പലതും സൃഷ്ടിച്ചിട്ടുണ്ടെന്നു കാളിദാസകവിക്കറിയാമെന്നാണു് "സ്ത്രീരത്നസൃഷ്ടിരപരാ" എന്നതിനാൽ

നമുക്കു് അറിയാറാവുന്നതു്. 'വഹതിവിധിഹുതം യാഹവിഃ' എന്നതിനു വിധിപോലെ ഹോമിച്ച ഹവിസ്സിൻെറ വഹനം എന്ന അർത്ഥംവഴി ശകുന്തളയുടെ ഗർഭധാരണം സൂചിപ്പിക്കുന്നതായും പറയുന്നു. അതിനു തനി മിസ്റ്റിസിസത്തിൻെറ ചൊവയിൽ കവിഞ്ഞു യാതൊരു തര ക്കേടുമില്ല. പിന്നത്തേതാണു ഭയങ്കരം. 'യാചഹോത്രീ' എന്നതിനു ഹോതാവു=കണ്വൻ എന്നും വ്യാഖ്യാനിച്ചിരിക്കുന്നു. ഇവിടെ വേറെ ദൂഷ്യ മൊന്നുമില്ല. കുലപതിയായതുകൊണ്ടു കണ്വൻ നിരവധി യാഗങ്ങളു ടെയെല്ലാം ഹോതാവായിരിക്കാം. എന്നാൽ വിധിഹുതമായ ഹവിസ്സിനെ വഹിക്കുന്നു എന്ന അംശംകൊണ്ടു സൂചിപ്പിക്കുന്നതു ശകുന്തളയുടെ ഗർഭധാര ണവും, ഹോതാവു കണ്വനുമാണെങ്കിൽ, കണ്വനെക്കൊണ്ടു് ആ കൃത്യം നിർവ്വഹിപ്പിച്ചതു കഷ്ടമായിപ്പോയെന്നേ പറവാൻ തോന്നുന്നുള്ളു. അതു കണ്ടാൽ താന്ത്രികശാസ്ത്രം അറിയാമെന്നു നടിക്കുന്ന നിരൂപകനു് ആ മഹർഷിശ്രേഷ്ഠൻെറ പേരിൽ എന്തോ തീവ്രമായ ഒരു വിരോധം കിടപ്പു ണ്ടെന്നല്ലാതെ, ആരും വിചാരിക്കയില്ല. ഇമ്മാതിരി വ്യാഖ്യാനം ഒരുവി ധംമുഴുമിപ്പിച്ചിട്ടുമുണ്ടു്. 'യാസ്സൃഷ്ടിഃ' എന്നതിലെ 'യാ' എന്നതു സ്ത്രീലിം ഗവും, ഏകസംഖ്യാവാചിയുമാകയാൽ അതുകൊണ്ടാണു ശകുന്തളയെ സൂചിപ്പിച്ചിരിക്കുന്നതെന്നു പറയാഞ്ഞതു് എന്തിൻെറയോ മഹാഭാഗ്യ മെന്നേ വിചാരിക്കുന്നുള്ളു. "വാഗർത്ഥാവിവ സംപൃക്തൌ" എന്ന രഘുവംശത്തിലെ ആദ്യപദ്യത്താൽ രഘുവംശം കഥ മുഴുവനും സൂചി പ്പിക്കുന്നുണ്ടെന്നു പണ്ടൊരു വിദ്വാൻ പറഞ്ഞുകേട്ടതാണു് ഈ സന്ദ ർഭത്തിൽ ഓർമ്മവരുന്നതു്. വാഗർത്ഥങ്ങൾ എന്നുവച്ചാൽ ദിലീപസുദ ക്ഷിണമാരെന്നർത്ഥം. സംപൃക്തൌ എന്നതിനു് അവരുടെ വിവാഹ മെന്നും വാഗർത്ഥപ്രതിപത്തയെ എന്നതിനു വെറും അവരുടെ ഇഷ്ട ത്തിനു വേണ്ടിയിട്ടെന്നും, എന്നു വച്ചാൽ രഘുവുണ്ടാകാനായിട്ടെന്നു് അർത്ഥം. അങ്ങനെ ഒരു മഹാവംശത്തിൻെറ മാതാപിതാക്കന്മാരായി പ്രസ്തുത ദമ്പതിമാരെന്നും മററും ആ പദ്യം ധ്വനിപ്പിക്കുന്നുണ്ടെന്നു പറ ഞ്ഞാൽ കാളിദാസർ പോലും ഒന്നു പുഞ്ചിരിതൂകിപ്പോകയില്ലേ? അതു പോലെ 'യാസ്സൃഷ്ടിഃ...' എന്ന പദ്യംകൊണ്ടു കാളിദാസർ ഒരു കൃഷി ക്കാരൻെറ തനി ചിത്രമാണു സൂചിപ്പിച്ചിരിക്കുന്നതെന്നും പറയാവുന്ന താണു്. 'യാസ്സൃഷ്ടിഃ സ്രഷ്ടുരാദ്യാ' എന്നതിനാൽ ജലം എന്നു സൂചി ക്കുന്നുണ്ടല്ലോ. 'അപ ഏവ സസർജ്ജാദൌ' എന്നു് അതിനു ശ്രുതി വചനംതന്നെയുമുണ്ടല്ലോ. 'വഹതിവിധിഹുതം യാഹവിഃ' വിത്തിനെ വഹിക്കുന്ന കണ്ടം എന്നും, 'ഹോത്രീ' എന്നതിനാൽ ഉഴുതു വിതക്കു ന്നാൾ എന്നും, 'യേദ്വേ കാലംവിധത്തഃ' എന്നതിനാൽ രണ്ടു മൂരിക ളെന്നും, 'ശ്രുതിവിഷയഗുണാ യാ സ്ഥിതാ വ്യാപ്യവിശ്വം' എന്നതു

കൊണ്ടു് ഉഴുകുന്നവന്റെ 'പൂ പൂ' എന്ന നീണ്ട ശബ്ദവും, 'യാമാഹുഃ സർവ്വബീജപ്രകൃതിഃ' എന്നതിനാൽ വിത്തു വിതക്കലെന്നും, 'യയാ പ്രാണിനഃപ്രാണവന്തഃ' എന്നതിനാൽ നാം സാധാരണ ഊണു കഴിക്കുന്ന നല്ലരിച്ചോറെന്നും മററും സൂചിപ്പിക്കുന്നതായി പറഞ്ഞാൽ, വെറും ഒരു കൃഷിത്തൊഴിലാളിയെ അക്കാലത്തുതന്നെ അത്ര കാര്യമായി കരുതി അയാളുടെ ദേഹാദ്ധ്വാനത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്ന കാളിദാസർ തന്നെയാണൊ ഇന്നത്തെ മാർക്സിസത്തിന്റേയും മററും ജനയിതാവെന്നു സംശയിക്കേണ്ടതായി വരും! അതുപോലെ, സദ്യക്കുള്ള ഹോമത്തിന്റെ ക്രമമോ, കഥകളിയിലെ 'പുറപ്പാടി'ന്റെ സമ്പ്രദായമോ എന്തു വേണമെങ്കിലും ഈ ശ്ലോകംകൊണ്ടു സൂചിപ്പിക്കുന്നുണ്ടെന്നു, പ്രകൃതനിരൂപകന്റെ രീതിയിൽ സമർത്ഥിക്കാൻ പ്രയാസമില്ല! അതുകൊണ്ടു് അത്രത്തോളമൊന്നും പോകേണ്ട. ധ്വനിക്കുന്നതിനും മററും ചില നിയമങ്ങളും, ക്രമങ്ങളുമെല്ലാമുള്ളതു തീരെ വിസ്മരിച്ചുകളയരുതു്.

പിന്നെ, പ്രസ്തുത പദ്യത്തിലെ 'അവതുവഃ' എന്നതിലെ 'വഃ' എന്നതിനു പരിഭാഷകൻ 'നമ്മെ' എന്നു തർജ്ജമ ചെയ്തതിനും, "സാമാജികന്മാരായ നിങ്ങളേയും, നടന്മാരായ ഞങ്ങളേയും" എന്നു ടിപ്പണിയിൽ വിവരിച്ചതിനും നിരൂപകനു വലിയ ആക്ഷേപമുണ്ടു്. ഇവിടെ, സംസ്കൃതത്തിലെ ഏകശേഷസമാസത്തിനും, മലയാളത്തിലേതിനും തമ്മിലുള്ള വ്യത്യാസംപോലും നിരൂപകൻ ധരിച്ചിട്ടില്ലെന്നു കാണുന്നതിനാൽ, രണ്ടു ഭാഷകളെക്കുറിച്ചുമുള്ള അറിവു് ഇത്ര ശുഷ്കമാണോ എന്നൊരു സംശയം തോന്നുന്നതിലുള്ള അപരാധം പരമപണ്ഡിതരായ അദ്ദേഹം പൊറുക്കണമെന്നു് അപേക്ഷിക്കുന്നു. സംസ്കൃതത്തിലെ സമാസരീതിക്കു പരംശേഷിക്കുക എന്നാണു നിയമം. അതായതു്, വയം ച യൂയം ച=യൂയം എന്നും, യൂയം ച വയം ച=വയം എന്നും ഉള്ള തരത്തിൽ രണ്ടാമത്തേതാണു ശേഷിക്കുന്നതെന്നർത്ഥം. മലയാളത്തിലാകട്ടെ, അസ്മച്ഛബ്ദം ശേഷിക്കുമെന്നാണു വ്യവസ്ഥ. ഞങ്ങളും, നിങ്ങളും=നാം എന്നും, നിങ്ങളും, ഞങ്ങളും=നാം എന്നും ഉള്ള രീതിയിലാണു മലയാളത്തിലെ ഏകശേഷസമാസത്തിന്റെ സമ്പ്രദായമെന്നു താല്പര്യം. ആ നിയമമനുസരിച്ചാണു് 'വഃ' എന്നതിനു 'നമ്മെ' എന്നു തർജ്ജമ ചെയ്യാനുണ്ടായ കാരണം. അതുതന്നെയാണു് 'പായാദ്വഃ ശാർങ്ഗധന്വാ .....' എന്ന ആശ്ചര്യചൂഡാമണിപദ്യത്തെ 'കടലൊട്ടു കിടയാം ശാർങ്ഗി കാക്കട്ടെ നമ്മെ' എന്നു ഭാഷാന്തരീകരിക്കാൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ പ്രേരിപ്പിച്ചതും.

"താന്ത്രികസമയസിദ്ധമായ ക്ഷിത്യാദിക്രമം വിട്ടു് അഷ്ടമൂർത്തി

യുടെ എട്ടു മൂൎത്തികളേയും ജലാദിക്രമത്തിൽ നിബന്ധിച്ചിട്ടുള്ളതു്, നാടകത്തിലെ കഥാവസ്തുവിനെ യഥാക്രമം സൂചിപ്പിക്കുവാനാണെ”ന്നു നിരൂപകൻ പറയുന്നു. അതിലെ കഥാവസ്തു സൂചിക്കുന്നതിന്റെ സമ്പ്രദായവും, സ്വാരസ്യവും നാം കണ്ടുകഴിഞ്ഞു. എന്നാൽ താന്ത്രികസിദ്ധാന്തത്തെ പ്രകൃതത്തിൽ വലിച്ചുകൊണ്ടുവന്നതു് എന്തിനെന്നു മനസ്സിലായില്ല. അതു തന്ത്രവിഷയത്തിലേക്കുള്ളതാണു്. ഇവിടെ നാടകാഭിനയമാണു പ്രകൃതം. ഏകാദശരുദ്രന്മാരുടെ പൂജാവിഷയത്തിൽ, ഒരു മൂൎത്തിയെ പ്രധാനമായും, മററു മൂൎത്തികളെ പരിവാരങ്ങളായും കല്പിച്ചുംകൊണ്ടുള്ള സപരിവാരപൂജയിൽ മൂലമൂൎത്തിക്കും പരിവാരങ്ങൾക്കും തമ്മിലുള്ള മന്ത്രഭേദം കാണിപ്പാൻവേണ്ടിയാണു ശൎവ്വാദികൾക്കു്, ക്ഷിത്യാദികളുടെ അധിദേവതാക്രമം നിബന്ധിച്ചിട്ടുള്ളതു്. ആ മൂൎത്തികൾ ക്ഷിതിജലാദികളായ പ്രപഞ്ചരൂപത്തിലുള്ളവയുമല്ല. കരചരണാദ്യംഗങ്ങളുള്ള സകലവ്യക്തികളാണു്. ആ വ്യക്തികൾ പ്രപഞ്ചത്തെ നാടകാഭിനയമാക്കി സൂചിപ്പിക്കാൻ പുറപ്പെട്ട കവിക്കു വിവക്ഷിതങ്ങളാകാൻ തരമുള്ളതുമല്ല. അങ്ങനെയൊരു ക്രമം മാത്രമല്ല മൂൎത്തിഭേദേന പൂജാവിധികളിൽ ക്രമഭേദവും ഉണ്ടുതാനും. അതുകൊണ്ടു നിരൂപകൻ ഉദ്ദേശിക്കുന്ന ക്ഷിത്യാദിക്രമത്തിനു തന്ത്രത്തിൽതന്നെ പ്രത്യേകമൊരു പ്രാധാന്യം ഇല്ല. ഈ വിഷയത്തിൽ ഇപ്പോൾ ഇത്രമാത്രം. അങ്ങനെയൊരു ക്രമം വിവക്ഷിക്കുന്ന പക്ഷം, അതാതു ഭൂതവസ്തുക്കൾക്കു ദേവതയായ ഓരോ ദേവവ്യക്തികളുടെ പ്രതീതിയാണു സഹൃദയന്മാൎക്കുണ്ടാവുക. അങ്ങനെ ദേവന്മാരെ വിവക്ഷിക്കേണ്ട സന്ദൎഭമല്ല ഇതു്. കേവലം ജലം, അഗ്നി, യജമാനൻ മുതലായ ഭൂതവസ്തുക്കളുടേതന്നെ ബോധമാണു് ഇവിടെ ഉണ്ടാകേണ്ടതു്. എന്നാൽ പ്രപഞ്ചത്തിന്റെ പ്രതീതിയുണ്ടാകയും, അതുവഴി ആ പ്രപഞ്ചനാടകകൎത്താവായ സാക്ഷാൽ നടരാജന്റെ ബോധം വരുകയും, തത്സാദൃശ്യം നടപ്രധാനനിൽ തോന്നുകയും ചെയ്യുന്നതാണു്. അതാണിവിടെ തോന്നേണ്ടതും, തോന്നിച്ചിരിക്കുന്നതും.

ഈ ഘട്ടത്തിൽതന്നെ ശ്രീമാൻ കെ. വി. യം.നു മറെറാരു വാദമുള്ളതിനും സമാധാനം പറഞ്ഞേക്കാം. സൂത്രധാരൻ മുമ്പിട്ടുവന്നു പ്രാൎത്ഥനാപദ്യം ചൊല്ലുകയും, പിന്നീടു നടിയെ വിളിച്ചുവരുത്തുകയുമായിട്ടാണല്ലോ കേരളശാകുന്തളത്തിന്റെ പാഠക്രമമിരിക്കുന്നതു്. പ്രാൎത്ഥനാപദ്യം, നടരാജനായ ശിവനോടു നടപ്രധാനനു സാദൃശ്യം തോന്നിച്ചുകൊണ്ടു നിബന്ധിച്ചിരിക്കയാൽ, സദസ്സിൽ കേൾക്കത്തക്കവിധം രംഗത്തിൽവെച്ചു ചൊല്ലേണ്ടതുള്ളതുകൊണ്ടാണു സൂത്രധാരൻ മുമ്പിട്ടു പ്രവേശിക്കുവാനുള്ള സംഗതിയെന്നും, അല്ലെ

കിൽ സൂത്രധാരനു തനിച്ചൊന്നും രംഗത്തിൽ ചെയ്യുന്നതില്ലെങ്കിൽ, അണിയറയിൽനിന്നു നടിയൊന്നിച്ച് പ്രവേശിക്കയാണു സംഭാവ്യവും, യുക്തിക്കു ചേരുന്നതുമെന്നും ടിപ്പണിയിൽ വിവരിച്ചിട്ടുണ്ടു. എന്നാൽ, പ്രസ്തുത പദ്യം നാന്ദിയാണെന്നും, അതു സൂത്രധാരൻ തനിച്ചുതന്നു ചൊല്ലിയാൽ പോരെന്നും അഭിപ്രായമുള്ള നിരൂപകനു ഇവിടെ എന്തെങ്കിലും പറയാതെ നിവൃത്തിയില്ല. അദ്ദേഹം പറയുന്നു "സദസ്സു നോക്കിക്കാണുവാനാണു സൂത്രധാരൻ മുമ്പാട്ടു രംഗത്തിൽ പ്രവേശിക്കുന്നതു്" എന്നു്. സൂത്രധാരൻ രംഗത്തിൽ വന്നു സഭയിലുള്ള ആളുകളേയും നോക്കിക്കൊണ്ടു മിണ്ടാതെ മിഴിച്ചുനില്ക്കുകയോ? എന്നാൽ, ആളുകൾ അന്നും, ഇന്നും കൈകൊട്ടി ആത്തുവിളിച്ച് അങ്ങിനെയുള്ള സൂത്രധാരനെ അവിടെനിന്നു് ഓടിക്കും. നാടകാഭിജ്ഞനം വിശേഷംതന്നെ! അതുകൊണ്ടു് സൂത്രധാരൻ ചെയ്യേണ്ടതു അത്തരം ആഭാസങ്ങൾക്കൊന്നും പോകാതെ, അണിയറയിൽ എല്ലാം തയ്യാറായിക്കഴിഞ്ഞാൽ, രംഗത്തിൽ വന്നു പ്രാത്ഥന നടത്തി, ഉടനെ നടിയെ വിളിച്ചു കഥ ആരംഭിക്കുകയാണു്. എന്തു സംഗതിയുടെ ആരംഭത്തിലും ഈശ്വരപ്രാത്ഥന പണ്ടുള്ളവർ ചെയ്യാറുള്ളതുമാണു്. അതുപോലെ ഇവിടേയുമെന്നല്ലാതെ, അതൊരു നാന്ദിയാണെന്നും, അതിൽ ശാകുന്തളംകഥ മുഴുവനും സൂചിപ്പിച്ചിട്ടുണ്ടെന്നും മററും വാദിക്കുന്നതു് അസംബന്ധമാണു്.

ഉദയനവേന്ദുസവർണ്ണാ-
വാസവദത്താബലൌബലസ്യത്വാം
പത്മാവതീർണ്ണപൂർണ്ണൌ
വസന്തകമ്രൌ ഭുജൌ പാതാം

എന്നുള്ള സ്വപ്നവാസവദത്തത്തിലെ പ്രാത്ഥനാപദ്യംപോലെ ചില കവികൾ ചിലപ്പോൾ ചില കഥാപാത്രങ്ങളുടെ പേരുകൾ മാത്രം മുദ്രാലങ്കാരം വഴി സൂചിപ്പിക്കാറുണ്ടെന്നല്ലാതെ, നിരൂപകൻെറ ശാകുന്തളംപോലെ കഥ മുഴുവനും അങ്ങു സൂചിപ്പിക്കുക എന്ന സമ്പ്രദായം, നാടകകത്താക്കളാൽ അധികമാരും ചെയ്യാറുണ്ടെന്നു തോന്നുന്നില്ല. ഭവഭൂതിയുടെ പ്രസിദ്ധകൃതിയായ ഉത്തരരാമചരിതത്തിലെ വന്ദനശ്ലോകമായ

ഇദം കവിഭ്യഃ പൂർവ്വേഭ്യോ
നമോവാകം പ്രശാസ്മഹെ
വന്ദേമഹി ച താം വാണീ-
മമൃതാമാത്മനഃകലാം

എന്നതിൽ ഉത്തരരാമചരിതത്തിലെ ഏതെങ്കിലും കഥാഭാഗം സൂചിപ്പിച്ചിട്ടുണ്ടെന്നു പറയാൻ തരമുണ്ടോ? ഇല്ലെന്നാണു ഞാൻ വിചാരി

കണ്ടതു്. അതുപോലെ ശാകുന്തളത്തിലും വിചാരിച്ചാൽ ഈ കഷ്ടപ്പാടൊന്നും കൂടാതെ കഴിക്കാം.

ഇമ്മാതിരിയുള്ള ആക്ഷേപങ്ങൾ നിരൂപകനു പലതുമുണ്ടു്. അതിനെല്ലാം സമാധാനം പറയണമെന്നു ഇപ്പോൾ വിചാരിക്കുന്നില്ല. ചില ദോഷപ്രസ്താവങ്ങൾ 'കേനാപികാമേന' ചെയ്ക എന്നതിൽ കവിഞ്ഞു യാതൊരു ഗൌരവവുമില്ലാത്തവയാണു് അവ മുഴുവനും. അതിനാൽ ഒന്നുരണ്ടുഭാഗംകൂടി ഒന്നു സ്പർശിച്ചിട്ടു് അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

കേരളശാകുന്തളത്തിലെ 'പിടിച്ച കടിഞ്ഞാണയച്ചളവ്......' എന്ന ഗംഭീരപദ്യത്തിലെ 'കുളമ്പടി പടർത്തിടും പൊടി' എന്ന ഭാഗത്തിൽ നിരൂപകനു നല്ല ആക്ഷേപമുണ്ടു്. എന്തെന്നാൽ 'ആത്മോത്ഥിതൈഃ' എന്നല്ലേ മൂലത്തിലുള്ളു. പിന്നെ 'കുളമ്പു്' എന്നതു എന്തിനു കൂട്ടി? ഇതാണു ചോദ്യം. അവിടെ നിരൂപകൻതന്നെ സമ്മതിച്ചിട്ടുള്ള ആശയവിശദീകരണമാണെന്നോർത്തുകൊണ്ടാൽ മതി. പിന്നെ 'കുളമ്പടികൊണ്ടു പുറപ്പെടുന്ന പൊടി ആ കുളമ്പിന്മേൽ പോലും പറ്റാത്തവിധത്തിൽ' എന്നു വ്യാഖ്യാനിച്ചതിലും നിരൂപകനു കുറച്ചൊരു മനസ്സിലാകായ്കയുണ്ടത്രെ! 'അതാണു മൂലത്തിന്റെ ശരിയായ അർത്ഥവും' എന്നും വ്യാഖ്യാനത്തിൽ പറഞ്ഞുപോയതിൽ നിരൂപകനു വല്ലാത്തൊരു ഈർഷ്യകൂടിയുള്ളതുപോലെ നടിക്കുന്നു. "ഈ വിദ്വാനു ശാകുന്തളത്തിന്റെ ശരിയായ മൂലാർത്ഥം അറിയാമോ" എന്ന മനോഭാവമായിരിക്കാം ആ അമർഷത്തിന്റെ അടിസ്ഥാനം. പണ്ഡിതരെ! ക്ഷമിക്കണം എന്നു മാത്രം പറയാം. അതു പോകട്ടെ, കുളമ്പുകൊണ്ടു പുറപ്പെടുന്ന പൊടി ആ കുളമ്പിന്മേൽപോലും പററുന്നില്ലെന്നു പറഞ്ഞാലേ സൂര്യാശ്വങ്ങളേയും അതിക്രമിക്കുന്ന ദുഷ്യന്താശ്വങ്ങളുടെ വേഗാതിശയം വ്യഞ്ജിക്കയുള്ളു. അല്ലാതെ, കുളമ്പുകൊണ്ടു പുറപ്പെടുന്ന പൊടി ദേഹത്തിൽ തട്ടാതെ എന്നു പറഞ്ഞാൽ അതുകൊണ്ടു് അത്രയൊന്നും വേഗം തോന്നണമെന്നില്ല. നാം സാധാരണ നടക്കുമ്പോൾതന്നെ അടിയിലെ പൊടി മേൽ തട്ടുന്നതിനു മുമ്പുതന്നെ അവിടം പിന്നിട്ടുപോകുമെന്നാണു അനുഭവമിരിക്കുന്നതു്. അതുകൊണ്ടു് അതിൽ അധികമൊന്നും ആക്ഷേപിക്കരുതു്.

പുരുവിന്റെ കുലത്തിലുത്ഭവിച്ചീ-
ടിനൊരങ്ങക്കിതു നല്ല യുക്തമല്ലോ
ഗുണമാത്തരമാന്ന ചക്രവർത്തി
സ്ഥിതിചേരും സുതനെ ബ്ഭവാൻ ലഭിക്ക!

എന്ന കേരളശാകുന്തളപദ്യത്തിൽ 'പുത്രമേവം ഗുണോപേതം ചക്രവർത്തിനമാപ്നുഹി' എന്ന മൂലത്തിലെ 'ആപ്നുഹി'ക്കു 'ലഭിക്ക' എന്നു

തർജ്ജമ ചെയ്യുതിലാണു നിരൂപകൻ പിന്നിട്ട വലിയ അനൗചിത്യം കാണുന്നതു്. ഇവിടെ 'ആപ്നുഹി'ക്കു 'പ്രാപിക്ക' എന്നാണർത്ഥം. അതുതന്നെയാണു ലഭിക്കലും. 'ഡുലഭാഷ്പ്രാപ്തൌ' എന്നു ധാതു പാഠം. അങ്ങനെയുള്ള 'ലഭിക്ക' എന്ന പ്രസിദ്ധാർത്ഥത്തെ നിരൂപകൻ തീരെ കണ്ണടച്ചു നോക്കുന്നു. 'പുത്രൻ പിറക്കട്ടെ' എന്നതുവരെ മാത്രം 'ആപ്നുഹി'ക്കർത്ഥം കൽപിക്കുന്ന നിരൂപകൻെറ പക്ഷത്തിൽ മൂന്നാമങ്കത്തോടെ ശകുന്തളക്കു ഗർഭം ഉണ്ടാവുക കഴിഞ്ഞ സ്ഥിതിക്കു പിന്നെ വലിയ അരിഷ്ടമൊന്നും കൂടാതെ യഥാകാലം അങ്ങു പ്രസവിച്ചു എന്നു മാത്രം ബാക്കി പറഞ്ഞാൽ മതി. അപ്പോൾ നാലു മുതൽക്കുള്ള നാലങ്കങ്ങളും അനാവശ്യമാണെന്നു വരും. അതു കഷ്ടവും വഷ്ടവുമാണു്. ശാകുന്തളം നാടകത്തിൻെറ സർവ്വാതിശായിത്വം കിടക്കുന്നതു് അതു മുതൽക്കാണു്. അതു കളഞ്ഞാൽ, ശാകുന്തളത്തിൻെറ നട്ടെല്ലു് ഒടിച്ച പാപവും ഭേസേണ്ടി വരും. നേരേമറിച്ചു പ്രസ്തുത പദ്യം കഥയുടെ ബീജമായ സ്ഥിതിക്കു ബീജഫലമായ പുത്രലാഭംവരെ ശക്തിയോടുകൂടി മുന്നോട്ടു പോകാവുന്നതാണു്. ഒടുവിൽ ഭരതശകുന്തളമാരുടെ ലാഭത്തോടുകൂടി കഥ ഭംഗിയായി അവസാനിക്കുകയും ചെയ്യും. എന്നാൽ, അതെല്ലാം ഉള്ളിൽ വച്ചുകൊണ്ടാണോ വൈഖാനസൻ അനുഗ്രഹിച്ചതെന്നു നിരൂപകൻ വല്ലാതെ അത്ഭുതപ്പെടുന്നു. നിരൂപകനു് അൽപമൊരു തെറ്റിദ്ധാരണ വന്നതുകൊണ്ടാണു് അങ്ങനെ അത്ഭുതം തോന്നിയതു്. വൈഖാനസനല്ല കഥാബീജം ഉള്ളിൽ വച്ചിരുന്നതു്. വൈഖാനസനെക്കൊണ്ടു് അങ്ങനെ പറയിച്ച കാളിദാസരാണു് ഉള്ളിൽ വച്ചിരുന്നതു്. കവിയാണു ബീജബിന്ദുപതാകാദികളെ ഉപന്യസിക്കുന്നതു്. അതു കഥാപാത്രം വഴിയായിട്ടാണെന്നേ ഉള്ളു. കവി കരുതുന്നതെല്ലാം കഥാപാത്രവും കരുതിക്കൊണ്ടാണു പറഞ്ഞതെന്നു ധരിച്ച നിരൂപകനു്, നാടകാദികളിലെ പഞ്ചസന്ധികളുടേയോ, അർത്ഥപ്രകൃതികളുടേയോ സാരം അറിഞ്ഞുകൂടെന്നേ അതുകൊണ്ടു വരുന്നുള്ളു. അങ്ങനെയുള്ള നിരൂപകന്മാർ ആ വക വിഷയങ്ങളെപ്പററി മിണ്ടാതിരിക്കുന്നതാണുത്തമം.

ഇതു് ഇങ്ങനെ പറഞ്ഞു തുടങ്ങിയാൽ അവസാനിക്കയില്ല. എടുത്തു കാണിച്ചവയിൽ മിക്കതിൻേറയും സ്ഥിതി ഇതുപോലെയാണു കാണുന്നതു്. ഗ്രാഹ്യമായി യാതൊന്നുംതന്നെ കാണുന്നതുമില്ല. ചുരുക്കത്തിൽ, പത്തു പറ മുഴുവനും ചേറിനോക്കിട്ടും, പുഴുക്കുത്തില്ലാത്ത ഒരു മണിപോലും കിട്ടിയില്ലെന്നോ, "ആഴക്കു വററടിയിലുണ്ടതു കിട്ടുമെന്നോർത്തേഴെട്ടിടങ്ങഴി ജലം വെറുതേ കുടിച്ചു"വെന്നോ പറയേണ്ട നിലയിലാണു പ്രസ്തുത നിരൂപണം വായിച്ചതുകൊണ്ടു് എനിക്കുണ്ടായ ഫലം.

# * കാശ്യപാശ്രമത്തിലെ വേശ്യ.

—ഇ. കെ. ദിവാകരൻപോററി.

മുനികുമാരൻ:—

വന്നിരുന്നു കുറച്ചുമുൻപിഹ
സുന്ദരനൊരു താപസൻ,
ഭാസുരോദ്യത്സുവർണ്ണവർണ്ണത്താൽ
ഭൂ സുരലോകമാക്കുവോൻ,
നീലമായി മിനുത്തു മിന്നുന്ന
കേശഭാരം പിറകിലായ്
പൊന്നുകയറിനാൽ കെട്ടിവെച്ചതിൽ
ഗന്ധമാല്യങ്ങൾ ചൂടിയും,
താമരസായതേക്ഷണങ്ങളിൽ
ശ്യാമകോമളതാരങ്ങൾ
പേടമാൻപോലെ ചഞ്ചലമായി
നാലുപാടും ചുഴററിയും,
താടിമീശയാൽക്കാട്ടുകേറാത്ത
കോമളകപോലങ്ങളിൽ
ദർപ്പണജലബിന്ദുക്കൾപോലെ
ബാഷ്പലേശങ്ങൾ ചിന്നിയും,

---

* "ഓമനക്കുട്ടൻ ഗോവിന്ദൻ ബല-
രാമനെക്കൂടെ കൂടാതെ" എന്ന മട്ട്.

കാശ്യപവിഭാണ്ഡകന്റെ പുത്രനായ ഋശ്യശൃംഗമുനികുമാരൻ ജനനം മുതല്ക്കു ലൌകികവിഷയങ്ങൾ എന്തെന്നുതപാല്പം അറിയുവാൻ ഇടവരാതെ വെറും താപസസഹചാരിയായി കാനനാന്തരത്തിൽ ഏകാന്തവാസം ചെയ്കയായിരുന്നു. അയിടയ്ക്കു തന്റെ രാജ്യത്തുണ്ടായ അനാവൃഷ്ടിയുടെ നിവാരണത്തിന്നു ഋശ്യശൃംഗന്റെ സാന്നിദ്ധ്യമപേക്ഷിച്ച അംഗരാജാവു തന്നിവൃത്തിക്കായി സമർത്ഥയായ ഒരു വേശ്യയെ പറഞ്ഞയക്കുകയുണ്ടായി. അല്പം വേശ്യയുമായുണ്ടായ സമാഗമത്തിൽ അവളെ ഒരു താപസനെന്നും അവളുടെ ശൃംഗാരചേഷ്ടകൾ ഒരു താപസന്റെ അത്ഭുതവിദ്യകളെന്നും മാത്രമാണു ആ മുനികുമാരൻ മനസ്സിലാക്കുന്നതു്.

പൂനിലാവോലുമംബരത്തിലെ
താരപാളികളെന്നപോൽ
കണ്ഠഹാരങ്ങളംഗലാവണ്യ
കാന്തിപൂരത്തിൽ മുങ്ങിയും,
മാറിടത്തിൽ കുതിച്ചുപൊങ്ങുന്ന
മാംസപിണ്ഡങ്ങൾ രണ്ടിനാൽ
മന്ദയാനത്തിലന്യഹൃത്തട-
സ്പന്ദനവേഗം കൂട്ടിയും,
നേരിയ മരത്തോലുടയാട
പാദചാലനസ്രസ്തമായ്
വാരി വാരിയുടുക്കിലുമധോ-
രോമരാജികൾ കാട്ടിയും,
കങ്കണങ്ങൾ കരത്തി,ലവ്വിധം
പൊഞ്ചിലമ്പുകൾ കാലിലും
അഞ്ചിതമായലങ്കരിച്ചതിൽ
ശിഞ്ജിതങ്ങൾ കിലുക്കിയും,
എന്തൊരാകൃതി,യെന്തൊരു തേജ-
സ്സെന്തൊരത്ഭുതപൂരുഷൻ!

ആ മുഖത്തിലുദിച്ച പുഞ്ചിരി-
പ്പൂനിലാവു പരക്കയാൽ
പൂന്തളിരുകളാർന്നു വൃക്ഷങ്ങൾ
നവ്യവാസന്തകാന്തിയാൽ;
സ്നിഗ്ദ്ധമായൊരു നോക്കിനാൽത്തന്നെ
മുഗ്ദ്ധമായെൻെറ കണ്ണുകൾ
മിന്നലൊന്നുടൻ രക്തനാഡിയിൽ
നിന്നുയർന്നു പൊട്ടുന്നനെ
പിന്നെയെന്തു! ഞാനസ്ഥലംവിട്ടു
പുണ്യഭൂവൊന്നു പൂകിനേൻ.
ആ യുവാവെന്നെ ലോലപാണിയാൽ
പാണിചേർത്തു പിടിക്കവേ,
ജാതമായുള്ള രോമഹർഷണം
സ്വേദവാരിയിൽ ലീനമായ്;

എന്മുഖത്തിലണച്ചു തന്മുഖം
കൊഞ്ചി,യെന്തോ പറയുവാൻ
ദിവ്യമായൊരു ഗീതകാമൃത-
മൂറിവീണു ചെവികളിൽ;
താടി മെല്ലെപ്പിടിച്ചുയർത്തിയാ
പ്പാടലാധരകോമളൻ
ചുണ്ടിണകൊണ്ടു തൊട്ടു പിന്നെയു-
മെൻ കവിൾത്തടമെന്തിനോ!
നന്മധുരിമയാർന്നൊരു മധു
സുന്ദരനെനിക്കേകിനാൻ.
രണ്ടു കൈകളുമാഞ്ഞുനീട്ടിയെൻ
മെയ്യണച്ചു തെരുതെരെ
മാറിടത്തിലണയ്ക്കെ വീണ്ടും ഞാൻ
ഭൌതികത്വം മറന്നുപോയ്.
പൂജാപുഷ്പങ്ങൾ ശേഖരിച്ചതിൽ
വീണു ഞങ്ങളിരുവരും.

ഞാനറിഞ്ഞില്ല, പോയി മായിക-
യാമമൊന്നു സുഷുപ്തിയിൽ
കണ്ണു മെല്ലെ മിഴിച്ചുനോക്കവേ
ശൂന്യമെന്റെ പരിസരം.
നാകവീഥി പിഴച്ചുവീണതു
നാരകത്തിൻ കുഴിയിലോ?
ജീവിതമിനിസ്സാദ്ധ്യമല്ലെനി-
ക്കാമനോഹരനെന്നിയേ!

# സർ ബോസിന്റെ കണ്ടുപിടുത്തങ്ങൾ.

—പി. എ. ജോസഫ്.

കേവലം നിർജ്ജീവങ്ങളെന്നും നിസ്സാരങ്ങളെന്നും വെച്ച് അഗണ്യകോടിയിൽ തള്ളിയിട്ടിരുന്ന സസ്യജാലത്തെപ്പററി സർ ജെ. സി. ബോസ് എന്ന ഭാരതീയശാസ്ത്രജ്ഞന്റെ വിസ്മയജനകമായ കണ്ടുപിടുത്തങ്ങൾ ശാസ്ത്രലോകത്തിൽ അഭൂതപൂർവ്വമായ ഒരു പരിവർത്തനത്തെയാണ് ഉണ്ടാക്കിയതു്. അദ്ദേഹത്തിന്റെ ശാസ്ത്രീയമായ ഗവേഷണങ്ങളിൽ സിംഹഭാഗവും അർഹിക്കുന്നതു സസ്യവർഗ്ഗവിഷയകമായ നൂതനകണ്ടുപിടുത്തങ്ങളും പഠനങ്ങളുമത്രെ. അദ്ദേഹം പറയുന്നതിപ്രകാരമാണ്. "ജീവജാലങ്ങളുടേയും സസ്യവർഗ്ഗത്തിന്റെയും ജീവിതരീതിയിലേക്കു നാം കടന്ന് അവയെ കൂലങ്കഷമായി പരിശോധിക്കുകയും പഠിക്കുകയും ചെയ്യുന്നപക്ഷം ആ പഠനത്തോളം രസാവഹമായ ഒന്നുമില്ലെന്നു ബോദ്ധ്യപ്പെടുന്നതാണ്."

സസ്യങ്ങളിൽ ചേതനാത്മകമായ പ്രാണൻ അല്ലെങ്കിൽ ജീവൻ ഇല്ലെന്നു സർ. ജെ, സി. ബോസിന്നു മുമ്പുണ്ടായിരുന്ന ശാസ്ത്രജ്ഞന്മാർ വിധിച്ചിരുന്നതു നാലു പ്രധാനകാരണങ്ങളെ ആസ്പദമാക്കിയാണ്. അവയെപ്പററി സമഗ്രമായിപ്പറയാം. ഒന്നാമതായി, പെട്ടന്നുള്ള ഛേമണ്ഡനങ്ങളെ തട്ടുകുമ്പോൾ ജന്തുവർഗ്ഗം അവയെ അനുഭവിക്കുന്നതായ ലക്ഷണങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നു. ഇതുപോലെ സസ്യജാലങ്ങൾ കാണിക്കുന്നില്ല. രണ്ടാമതായി, മരുന്നുകൾ കുത്തിവെക്കുന്നതുകൊണ്ട് ജന്തുക്കളുടെ ചില മാംസപേശികളെ വളരെ നേരം ചലിപ്പിച്ചുകൊണ്ടിരിക്കുവാൻ സാധിക്കുന്നുണ്ടെങ്കിലും സസ്യങ്ങളിൽ താദൃശമൊരു ചലനമൊ വ്യത്യാസമൊ വരുത്തുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ജന്തുജാലങ്ങളിൽ കാണുന്ന വിധത്തിലുള്ള സജീവചൈതന്യത്തിന്റെ ഒരു പ്രതിഫലനമെങ്കിലും സസ്യങ്ങളിൽ ഇല്ലെന്നനുമാനിച്ചു. മൂന്നാമതായി, ജന്തുക്കളുടെ സജീവസിരാതന്തുക്കൾ മരുന്നുകളുടെ പ്രയോഗത്താൽ ചില വികാരമാററങ്ങൾക്കു് അടിമപ്പെടുകയും തദനുസരണമുള്ള പ്രകടനങ്ങളെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ ഒരു വികാരഭേദം സസ്യജാലങ്ങളിൽ കാണുന്നില്ല. നാലാമതായി, സിരകളും സിരകൾക്കു് ഒരു കേന്ദ്രവും കൂടാതെയൊ, കേന്ദ്രത്തിൽ എത്താതെയും കേന്ദ്രത്തിൽനിന്നു കല്പന കൊടുക്കാതെയും ഒരു പ്രവൃത്തിയും ചെയ്യുന്നതിനൊ ജന്തുക്കൾക്കു

സാദ്ധ്യമല്ല. ഈദൃശമൊരു കേന്ദ്രമൊ കേന്ദ്രത്തോടു സാമ്യപ്പെടുത്താവുന്ന എന്തെങ്കിലുമോ സസ്യവർഗ്ഗത്തിൽ ഇല്ല.

മേല്പറഞ്ഞവയാണ് സസ്യം അജീവമെന്നു പറയുന്നതിനു ശാസ്ത്രജ്ഞന്മാർ കൊണ്ടുവന്ന നാലു പ്രധാന കാരണങ്ങൾ. പക്ഷേ നമ്മുടെ ഭാരതീയശാസ്ത്രജ്ഞന്റെ പുതിയ കണ്ടുപിടുത്തങ്ങളോടുകൂടി മേല്പറഞ്ഞ വാദങ്ങൾ കടപുഴങ്ങി വീണു. അദ്ദേഹംതന്നെ നിർമ്മിച്ചു നാമകരണംചെയ്ത നൂതനയന്ത്രമായ റിസോണൻറ് റെക്കോർഡർതന്നെ ഒരത്ഭുതാവഹമായ യന്ത്രവിശേഷമത്രെ. അദ്ദേഹം ഉണ്ടാക്കിയതു കണ്ടു പലരും പ്രസ്തുത യന്ത്രം നിർമ്മിക്കുവാൻ ശ്രമിച്ചെങ്കിലും ആർക്കും സാധിച്ചില്ല. സർ ജെ. സി. ബോസ് ഉണ്ടാക്കിയ യന്ത്രത്തെപ്പോലെ കൃത്യമായി നിരീക്ഷണങ്ങൾക്കുപയോഗപ്പെടുന്ന യന്ത്രങ്ങൾ ഇതുവരെ മററാരും ഉണ്ടാക്കിയിട്ടില്ലാത്തതുകൊണ്ടു ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പല ശാസ്ത്രജ്ഞന്മാരും സർ ബോസിനു് ഓർഡർ അയക്കുകയാണു ചെയ്യുന്നതു്. ഈ യന്ത്രത്തെപ്പററി ഒരു ചെറിയ വിവരണം ആവശ്യമായിരിക്കകൊണ്ടു് അതിനെപ്പററി സ്വല്പം പ്രതിപാദിക്കാം.

ഒരേ തരത്തിലുള്ള രണ്ടു വീണകൾ ശ്രുതിയിണക്കിവെച്ചുകഴിഞ്ഞാൽ ഒരു തന്ത്രിയിന്മേൽ വിരൽകൊണ്ടു കൊട്ടി മൃദുവായി ശബ്ദമുണ്ടാക്കിയാൽ അടുത്തിരിക്കുന്ന വീണയുടെ ആ പ്രത്യേകതന്ത്രിക്കും അതുപോലെ ഒരു ചലനം ഉണ്ടാകുകയും വിരൽകൊണ്ടു ശബ്ദമുണ്ടാക്കുന്ന തന്ത്രിയെ അപേക്ഷിച്ചു് വളരെ ചെറുതായൊരു ധ്വനി (പ്രതിശബ്ദം or echo) ഉണ്ടാകുന്നുണ്ടെന്നും ബോസ് കണ്ടുപിടിച്ചു. ഈ കണ്ടുപിടുത്തമാണ് അദ്ദേഹത്തിന്റെ നൂതനയന്ത്രം നിർമ്മിക്കുന്നതിന്നു പ്രേരകമായിത്തീന്നതു്. ഇങ്ങനെ ഏററവും ചെറിയതായ ശബ്ദംപോലും പ്രതിദ്ധ്വനിപ്പിക്കത്തക്ക ഒരു യന്ത്രവിശേഷം ഉണ്ടാക്കുന്നതിനു് അദ്ദേഹം പരിശ്രമിച്ചു. തന്റെ നിരന്തരപ്രയത്നത്തിന്റെ ഫലമായി താദൃശമൊരു യന്ത്രം നിർമ്മിച്ചു. തദനന്തരം പ്രസ്തുത യന്ത്രം സസ്യത്തോടു ചേർത്തു ഘടിപ്പിച്ചു സർ ബോസ് സസ്യത്തിൽ ഉത്തേജജനകമായ മദ്യം കുത്തിവച്ചു. അതോടുകൂടി പ്രസ്തുത ശീഘ്രചൈതന്യം(sensitive) സസ്യത്തിന്റെ അന്തർഭാഗത്തു് ഒരു ചലനം ഉണ്ടാക്കി. ഈ ചെറുചലനത്തെ അനുകരിക്കുന്നതിന്നു പര്യാപ്തമായ യന്ത്രം അതോടുകൂടി ഇണക്കിയിരുന്നതിനാൽ സസ്യാന്തർഭാഗത്തു് നടന്ന സൂക്ഷ്മമായ ചലനത്തിന്റെ പ്രതിചലനം യന്ത്രതന്ത്രികളിൽ ഉണ്ടായി. ആ യന്ത്രത്തോടുകൂടി ഒരു ശബ്ദത്തെ ശതഗുണീഭവിപ്പിച്ചു കേൾപ്പിക്കുന്ന മറെറാരു യന്ത്രം കൂടി ഘടിപ്പിച്ചിരുന്നതിനാൽ സർ ജെ. സി. ബോസിന്റെ

ശ്രവണപുടങ്ങളിൽ ലോകത്തിൽ ആദ്യമായി പ്രസ്തുത ശബ്ദപ്രതിദ്ധ്വനി കേൾപ്പാൻ ഭാഗ്യമുണ്ടായി! വീണ്ടുംവിണ്ടുമുള്ള പരീക്ഷണങ്ങളുടെ ഫലം അദ്ദേഹത്തിന്റെ അനുമാനങ്ങളെ സ്ഥിരപ്പെടുത്തി. സസ്യങ്ങൾക്കും മൃഗാദികളെപ്പോലെ അവയുടെ അന്തർഭാഗത്തു ചില ചലനങ്ങളും സിരാപ്രവൎത്തനങ്ങളും മററും (ജന്തുക്കളുടെ ചങ്കിടിപ്പിനെ അനുകരിച്ചു്) ഉണ്ടെന്നു ബോദ്ധ്യമായി. ഇതിനെത്തുടൎന്നു് പല പരീക്ഷണങ്ങളും നടത്തി. ഒടുവിൽ വികാരങ്ങൾപോലും സസ്യജാലങ്ങൾക്കുണ്ടെന്നു് അദ്ദേഹം സകാരണം തെളിയിച്ചു. അദ്ദേഹം പറയുന്നു: "സിരാതന്ത്രികളുടേയും മററും പ്രവൎത്തനരീതിയിൽ, ജന്തുക്കളുടേയും സസ്യങ്ങളുടെയും തമ്മിൽ ഒരെള്ളിടയോളമെങ്കിലും വ്യത്യാസമില്ല. തൊട്ടാവാടി (Mimosa Pudica) എന്ന സസ്യം ഇതു നമുക്കു പ്രത്യക്ഷത്തിൽ കാണിച്ചുതരുന്നുണ്ടു്."

നമ്മുടെ ഭാരതത്തിന്റെ അരുമസ്സന്താനമായ സർ ജെ. സി. ബോസിന്റെ നൂതന കണ്ടുപിടുത്തങ്ങളെപ്പററി അറിയാൻ ജിജ്ഞാസാലോലുപന്മാരായ വിദേശശാസ്ത്രജ്ഞന്മാർ അദ്ദേഹത്തെ അവിടങ്ങളിലേയ്ക്കു ക്ഷണിച്ചു. കാലിഫോർണിയ, ലണ്ടൻ, പാരീസ് മുതലായ മഹാനഗരങ്ങളിൽവെച്ചു കൂടിയ നിരവധി ലോകപ്രശസ്തരായ ശാസ്ത്രജ്ഞന്മാരുടെ സമക്ഷത്തിൽവച്ചു് സർ ജെ. സി. ബോസ് തന്റെ കണ്ടുപിടുത്തങ്ങളെപ്പററി പ്രതിപാദിക്കയും, പ്രദർശനങ്ങൾ (Demonstrations) കൊണ്ടു് അവരെയെല്ലാം ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

ഭാരതാംബികയുടെ മാറിൽ അണിയുന്ന രത്നമാലയിലെ മുത്തുമണിയായ ആ ശാസ്ത്രജ്ഞന്റെ നൂതന കണ്ടുപിടുത്തമായ റിസോണൻറ് റെക്കാർഡർ (Resonant Recorder) എന്ന യന്ത്രസഹായത്താൽ ഒരു സെക്കൻറിന്റെ നൂറിൽ ഒരംശവും ഒരു നാഡി അടിയുടെ ആയിരത്തിൽ ഒരംശവും അറിയാമത്രേ! വിദ്യുൽപ്രവാഹത്താൽ (Electric shock) ജന്തുക്കളുടെ ഞരമ്പുകളുടെ പ്രവൎത്തനങ്ങൾ യാദൃശ്ചികമായി നിൎത്താമെന്നു കണ്ടിരിക്കുന്നതുപോലെ സസ്യജാലങ്ങളുടേതും നിൎത്താമെന്നു് അദ്ദേഹം സിദ്ധാന്തിക്കുന്നു. ഒരു സസ്യത്തിനു മിതെ കുറെ വിഷം ഒഴിച്ചു് ഉടനേതന്നെ അതിന്റെ അന്തർചലനം, സസ്യത്തിന്റെ നാഡി അടിക്കുന്നതിന്റെ എണ്ണം എങ്ങിനെയിരിക്കുന്നുവെന്നു റിസോണൻറ് റെക്കോർഡർകൊണ്ടു നോക്കുമ്പോൾ ജന്തുവൎഗ്ഗത്തിന്റേതുപോലെ പ്രസ്തുത സസ്യത്തിന്റേയും നാഡിയുടെ മിടിപ്പു് ക്രമേണ കുറഞ്ഞുവരുന്നതായി കാണ്മാൻ കഴി

യുമെന്നു അദ്ദേഹം പ്രസ്താവിക്കുന്നു. മദ്യപാനം മൃഗങ്ങളിലും മനുഷ്യരിലും കാണിക്കുന്ന മാററങ്ങളോടു സദൃശമായ മാററങ്ങൾ സസ്യങ്ങളിലും കാണിക്കുന്നുണ്ടത്രേ. പക്ഷെ, ഈ ലക്ഷണങ്ങളെ പ്രത്യേകം കണ്ടറിയുന്നതിന്നു് സസ്യശാസ്ത്രസംബന്ധമായി കുറച്ചറിവുള്ളവനായിരിക്കണം. സസ്യങ്ങളൊക്കെ രാത്രി പന്ത്രണ്ടു മണിക്കു് ഉറക്കമാരംഭിക്കുകയും കാലത്തു് എട്ടു മണിക്കു ഉണരുകയും ചെയ്യുന്നുവെന്നു് അദ്ദേഹം സകാരണം തെളിയിക്കുന്നു. അതുപോലെതന്നെ മനുഷ്യരുടേയും മററു ജീവജാലങ്ങളുടേയും നാഡിയുടെ അടി മരണത്തോടടുക്കുമ്പോൾ തീരെ കുറഞ്ഞുവരികയും ഒടുവിൽ തീരെ നില്ക്കുകയും ചെയ്യുന്നതുപോലെതന്നെ വൃക്ഷലതാദികളിലും കാണുന്നുവെന്നാണദ്ദേഹത്തിന്റെ അനുഭവം. ഈ അനുഗൃഹീതശാസ്ത്രജ്ഞന്റെ കണ്ടുപിടുത്തങ്ങൾ ഇനിയും എന്തെല്ലാം ഉണ്ടായിരിക്കുമോ ആവോ. സസ്യശാസ്ത്രത്തിൽ അദ്ദേഹം പുതിയൊരു വഴി വെട്ടിത്തെളിയിച്ചിരിക്കുന്നു. ഇന്നും അദ്ദേഹത്തിന്റെ പരീക്ഷണശാലയിൽ നിരവധി ശിഷ്യന്മാരും അദ്ദേഹവും വിജ്ഞാനപിപാസകമായ ലോകത്തിന്റെ അനവധി ചോദ്യങ്ങൾക്കു സമാധാനം നൽകുവാൻ ബദ്ധശ്രദ്ധരായി പരീക്ഷണനിരീക്ഷണങ്ങളിൽ ആമഗ്നരായി കഴിച്ചുകൂട്ടുന്നു. ഇന്ത്യയുടെ അഭിമാനം പുലത്തുവാൻ, വിജ്ഞാനഭണ്ഡാരത്തിൽ നാണയങ്ങൾ നിറക്കുവാൻ, പരിശ്രമിക്കുന്ന ആ ത്യാഗിവര്യന്നും അദ്ദേഹത്തിന്റെ അനുയായികൾക്കും ഈശ്വരൻ ദീർഘായുസ്സു നൽകട്ടെ.